# സുവിശേഷ ധ്വനി

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

Suvisesha Dhwani Fortnightly Reg. No. RN. 29475/78 Vol. 37 Issue 13

01 മാർച്ച് 2014 പുസ്തകം 37 ലക്കം 13 പേജ് 6

ഉൾപ്പേജുകളിൽ


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| കനോജി ഗോത്രം | 3 |
| ബി. ബി. ഐ. – ഫീച്ചർ | 4 |
| ക്വിസ്/വാർത്തകൾ | 5 |
| ഹരിയാന കാമ്പയിൻ | 6 |


# നൈൽ മുതൽ നെബോ വരെ



**ഏ**ദെൻ തോട്ടത്തിൽ ആദമിനോടാരംഭിക്കുന്ന മനുഷ്യചരിത്രത്തിൽ വിവിധ കാലഘട്ടങ്ങളിൽ ജീവിച്ചിരുന്ന ഭക്തന്മാരുടെ ദൈവിക സംസർഗ്ഗം വേദപുസ്തകത്തിൽ പലയിടങ്ങളിലായി രേഖപ്പെടുത്തിയിട്ടുണ്ട്. ഗോത്രപിതാവായിരുന്ന അബ്രഹാം യഹോവയുടെ സ്നേഹിതനായിരുന്നു. ദാനിയേൽ പ്രിയപുരുഷനും, ദാവീദ് ഹൃദയപ്രകാരമുള്ളവനും ആയിരുന്നു എന്നാണ് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഇവരെക്കാൾ കവിഞ്ഞ ഒരു ബന്ധം മോശെയും ദൈവവുമായിട്ടുണ്ടായിരുന്നു എന്നതിൽ സംശയമില്ല. പക്ഷെ മോശെയും ദൈവവുമായുള്ള ആ വിശുദ്ധബന്ധത്തിന് ഒരു നിർവചനം കൊടുക്കുവാൻ എനിക്കും നിങ്ങൾക്കും ബുദ്ധിമുട്ടുണ്ട്.

മോശെയുടെ ചരിത്രം ഒരു ജാതിയുടെ ചരിത്രമാണ്. മോശെയെ അടർത്തി മാറ്റി യിസ്രയേലിന് ഒരു ചരിത്രവുമില്ല. ഇത്രമാത്രം ദൈവം മനുഷ്യനുമായി ഇടകലർന്ന ഒരു പഴയനിയമകാലഘട്ടം ഉണ്ടായിരുന്നോ എന്ന് സംശയിക്കുകയാണ്. വിശുദ്ധ ബൈബിളിൽ ജീവിക്കുന്ന ഭക്തന്മാരിൽ മോശെയെപ്പോലെ പരിശുദ്ധനായ ദൈവത്തോട് അടുത്തുചെന്ന മറ്റൊരുത്തനെയും കാണുന്നില്ല. ദിനരാത്രങ്ങൾ ആദി പരാശക്തിയോടൊത്ത് പാർത്ത മനുഷ്യൻ എന്ന ബഹുമതിക്ക് യോഗ്യനായ മോശെ തന്റെ സ്വപ്നനാടായ വാഗ്ദത്ത കനാൻ കൈവശമാക്കിയില്ല എന്ന വസ്തുത അല്പം കുണ്ഠിതത്തോടെയല്ലാതെ ഓർക്കാൻ കഴിയുകയില്ല.

ഇത് തന്റെ ഒടുവിലത്തെ പർവ്വതാരോഹണമാണ്. എത്ര തവണ മലകൾ ചവുട്ടി? ഉയർച്ചയുടെയും താഴ്വരയുടെയും എത്ര പടവുകൾ താണ്ടിയാണ് ഇത്രദൂരം താൻ യാത്രചെയ്തത്? നൈലിന്റെ ഓളങ്ങളിൽ ആരംഭിച്ച തന്റെ ജീവിതം ഈ നെബോ പർവ്വതത്തിൽ അവസാനിക്കാൻ പോകുകയാണ്. മോശെ തന്റെ ഹൃദയത്തിൽ ഉറപ്പിച്ചു. പിസ്ഗയുടെ മുകളിൽവരെ ചെല്ലേണം. ഹോരിൽ വച്ച് കേട്ട സ്വർഗ്ഗീയ മണിനാദം കാതുകളിൽ പതിക്കുന്നതുപോലെ തോന്നുന്നു. അവിടെവെച്ചാണ് തന്നെക്കാൾ മൂന്ന് വയസ്സ് പ്രായം ചെന്ന തന്റെ സഹോദരൻ അഹരോൻ മരിച്ചത്. മോശെയുടെ ചരിത്രത്തിന്റെ ഏറ്റവും നിർണ്ണായകമായ ഘട്ടമാണിത്.

എത്ര എത്ര ചരിത്രമുഹൂർത്തങ്ങളാണുണ്ടായിട്ടുള്ളത്. ഒരു എബ്രായ അടിമ വീട്ടിൽ പിറന്നു. നൈലിന്റെ തീരത്ത് പിച്ചവെച്ച്, ഫറവോന്റെ രാജകൊട്ടാരത്തിൽ രാജകുമാരനായി വളർന്നു. മിസ്രയീമിലെ യോഗാഭ്യാസമെല്ലാം പഠിച്ച് യോദ്ധാവായി. പിന്നെ ആട്ടിടയനായി, യഹോവയുടെ അഭിഷിക്തനായി തന്റെ ജനത്തെ മിസ്രയീമിൽ നിന്ന് കനാന്റെ അതിരോളം നയിച്ച ഒരു വീരനായകനായി. ചരിത്രത്തിന്റെ സുവർണ്ണ ലിപികളിൽ മാഞ്ഞുപോകാത്ത മുഖമുദ്ര പതിപ്പിച്ച മോശെയുടെ അന്ത്യയാത്രയാണിത്.

മുൾപ്പടർപ്പിലെ തേജസ്സ് കണ്ടതു മുതൽ മോശെ ഒരു പുതിയ മനുഷ്യനായി മാറി. ആ മുൾപ്പടർപ്പിൽ വച്ച് കേട്ട ശബ്ദം ഇങ്ങോട്ട് അടുക്കരുത്

സാജൻ ചേന്നങ്കര

**മോശെ പിസ്ഗയുടെ കൊടുമുടിയിലെത്തും മുമ്പ് താഴേയ്ക്ക് തിരിഞ്ഞുനോക്കി. താഴ്വരയിൽ യിസ്രായേലിന്റെ കൂടാരങ്ങൾ നിരന്നു കിടക്കുന്നു. തന്നെ യാത്രയയച്ച ജനത്തിന്റെ അവ്യക്തമായ രൂപം കണ്ട് മോശെ ഗദ്ഗദനായി കാണും. നൂറ്റിയിരുപത് വർഷത്തെ നീണ്ട ജീവിതത്തിന്റെ നിറപ്പകിട്ടാർന്ന വർണ്ണങ്ങൾ, മങ്ങിയ രൂപങ്ങൾ, തീർത്ഥാടനത്തിന്റെ നാളുകൾ നൽകിയ മായാത്ത ഓർമ്മകൾ ആ സാത്വികന്റെ മനസ്സിൽ കൂടി കടന്നുപോകുന്നുണ്ടാവും.**

നൈൽ മുതൽ നെബോ വരെയുള്ള മോശൈക ജീവചരിത്രത്തിന് സമാപ്തികുറിക്കുവാൻ പോകുകയാണ്. ഈ കാലയളിവിൽ ഹൃദയസ്പർശിയായ

എന്ന കല്പനയായിരുന്നു. എന്നാൽ ആ ദിവസം മുതൽ താൻ ദൈവത്തോട് കൂടുതൽ അടുത്തുകൊണ്ടിരുന്നു. പൊന്നു കണ്ടു മടുത്ത മോശെക്ക് ധനം വേണ്ട, മിസ്രയീമിലെ രാജസ്ഥാനം പുൽക്കൊടിപോലെ നൈൽ നദിയിൽ വലിച്ചെറിഞ്ഞ മോശെക്ക് പ്രശസ്തി വേണ്ട, തിരുപ്രഭയാൽ മുഖം പ്രകാശിക്കപ്പെട്ട മോശെക്ക് ആഡംബരം വേണ്ട, ഫറവോൻ മുട്ടുകുത്തിയ ആ പ്രതാപത്തിന് ഇനിയും ലോകത്തിന്റെ മഹത്വം വേണ്ട. എന്നാൽ ഒരു കാര്യം ആ ഭക്തൻ ആഗ്രഹിച്ചു. വളരെ നാളുകളായി ഹൃദയത്തിൽ താലോലിച്ചിരുന്ന തന്റെ ആഗ്രഹം സർവ്വശക്തനായ ദൈവത്തോട് അറിയിച്ചു; നിനക്ക് എന്നോട് കൃപയുണ്ടെങ്കിൽ നിന്റെ തേജസ്സ് എനിക്ക് കാണിച്ചുതരേണമേ (പുറ. 33:18). ഒടുവിൽ ആ തേജസ്സിന്റെ പിൻഭാഗമെങ്കിലും കാണാൻ കഴിഞ്ഞുവെന്ന സംതൃപ്തി മോശെക്കുണ്ടായി. ഒരു നിമിഷം നമുക്കിവിടെ നില്ക്കാം. എന്താണ്, യേശുക്രിസ്തുവിന്റെ രക്തത്താൽ വിടുവിക്കപ്പെട്ട വേർപെട്ട വിശ്വാസികളെ നന്ദിമാനിക്കുന്ന എന്റെയും നിങ്ങളുടെയും ആഗ്രഹം? പരവതാനി വിരിച്ച രമ്യഹർമ്മ്യങ്ങളും, വിലകൂടിയ കാറും, ഭാരിച്ച ബാങ്ക്നിക്ഷേപങ്ങളും, എസ്റ്റേറ്റുകളും, ഒരു വലിയ സഭയുടെ മൂപ്പൻ സ്ഥാനവും, സമൂഹത്തിലെ പ്രശസ്തികളുമാണോ? അതോ നിത്യനാട്ടിലെ വാടാത്ത നിക്ഷേപങ്ങളോ?

മോശെ പിസ്ഗയുടെ കൊടുമുടിയിലെത്തും മുമ്പ് താഴേയ്ക്ക് തിരിഞ്ഞുനോക്കി. താഴ്വരയിൽ യിസ്രായേലിന്റെ കൂടാരങ്ങൾ നിരന്നു കിടക്കുന്നു. തന്നെ യാത്രയയച്ച ജനത്തിന്റെ അവ്യക്തമായ രൂപം കണ്ട് മോശെ ഗദ്ഗദനായി കാണും. നൂറ്റിയിരുപത് വർഷത്തെ നീണ്ട ജീവിതത്തിന്റെ നിറപ്പകിട്ടാർന്ന വർണ്ണങ്ങൾ, മങ്ങിയ രൂപങ്ങൾ, തീർത്ഥാടനത്തിന്റെ നാളുകൾ നൽകിയ മായാത്ത ഓർമ്മകൾ ആ സാത്വികന്റെ മനസ്സിൽ കൂടി കടന്നുപോകുന്നുണ്ടാവും. ഇത്രത്തോളം സ്വജനത്തിനുവേണ്ടി ഇടിവിൽ നിന്ന മറ്റൊരു വിശുദ്ധനെ പഴയ നിയമങ്ങളിലുടനീളം നോക്കിയാൽ കാണുവാൻ കഴിയുകയില്ല. ഒരോ പ്രാവശ്യവും യിസ്രയേൽ പാപം ചെയ്യുമ്പോൾ മോശെ ദൈവസന്നിധിയിൽ കയറിച്ചെന്ന് പാപക്ഷമയ്ക്കായി പ്രാർത്ഥിക്കും. ഇത്രമാത്രം പിറുപിറുപ്പും മത്സരവും നന്ദികേടും, നീരസവും വിട്ടുപോന്നതിനെപ്പറ്റിയുള്ള നിരാശയും പ്രകടിപ്പിച്ച ഒരു ജാതിയുണ്ടായിരുന്നോ എന്ന് സംശയമാണ്. പുറപ്പാട് പുസ്തകത്തിൽ നാമത് കാണുന്നു. മിസ്രയീമിന്റെ അടിമത്തത്തിൽ നിന്നും വിടുതൽ നൽകി വലിയ സ്വപ്നങ്ങളുടെ കനാനിലേക്ക് ഒരു ജനതയെ ദൈവം വഴി നടത്തുമ്പോൾ ഇടവഴിയോരങ്ങളിലെല്ലാം ഈ നന്ദികെട്ട ജനം പിറുപിറുക്കുകയാണ്; മിസ്രയീമിലെ അപ്പത്തെയോർത്ത്, ഇറച്ചിയുടെ രുചികരമായ സ്വാദോർത്ത്... അടിമത്തത്തിന്റെ ഏത് കിരാത ഭൂമിയെയാണോ ഒരിക്കൽ തള്ളിപ്പറഞ്ഞത്, ആ ദുരിത ഭൂമികയിലേക്ക് മനസ്സുകൊണ്ടെങ്കിലും തിരിച്ചു നടക്കാനുള്ള എല്ലാക്കാലത്തെയും ജനത്തിന്റെ സ്വാഭാവിക പ്രവണത നാമിവിടെ കണ്ടുമുട്ടുന്നു. ഒരു തരം ഈജിപ്ഷ്യൻ സിൻഡ്രോം.

സ്വർഗ്ഗം തള്ളിക്കളഞ്ഞ തന്റെ അപേക്ഷകൾ പിന്നെയും നിവേദനങ്ങളായി മോശെ തിരുമുമ്പിൽ സമർപ്പിക്കുക

➢ശേഷം 2–ാം പേജിൽ

## നെയ്യാറ്റിൻകര കാമ്പയിൻ അനുഗ്രഹകരമായി സമാപിച്ചു

**ദൈ**വത്തിന്റെ അളവറ്റ കൃപയാൽ വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റിന്റെ ചുമതലയിലും നെയ്യാറ്റിൻകരയിലും പരിസരപ്രദേശങ്ങളിലുമുള്ള സ്ഥലം സഭകളുടെയും തിരുവനന്തപുരം സെന്റർ വൈ.എം.ഇ.എഫിന്റെയും സഹകരണത്തിലും 2014 ഫെബ്രുവരി 13 മുതൽ 22 വരെ നെയ്യാറ്റിൻകര തിരുപുറം പഞ്ചായത്ത് കേന്ദ്രീകരിച്ച് സുവിശേഷ പ്രവർത്തനവും അനുധാവന പ്രവർത്തനവും നടത്തുവാൻ സാധിച്ചു. രാവിലെ 9.30 മുതൽ വൈകിട്ട് 6 വരെ ഭവനസന്ദർശനം എന്ന നിലയിൽ നടത്തിയ പ്രവർത്തനത്തിൽ 10 പേർ മാത്രം കടന്നുവന്ന് പ്രവർത്തിക്കണം എന്നാണ് നിശ്ചയിച്ചിരുന്നത്. മിക്ക ദിവസവും പത്തിൽ കുറയാതെ സഹോദരന്മാർ പങ്കെടുത്തു. തിരുവനന്തപുരം സെന്ററിലെ സഹോദരന്മാരുടെ ആത്മാർത്ഥമായ സഹകരണം ഈ പ്രവർത്തനത്തിലുണ്ടായിരുന്നു. കൂടാതെ സൗത്ത് ഡിവിഷൻ വൈ.എം.ഇ.എഫിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സഹോദരന്മാരും പങ്കെടുത്തു. പിരായുംമൂട് ബ്രദറൺ സഭാഹാളിലാണ് സഹോദരന്മാർക്ക് താമസസൗകര്യം ഒരുക്കിയത്.

ക്രൈസ്തവർ തിങ്ങിപ്പാർക്കുന്ന പ്ലാന്തോട്ടം, മാങ്കൂട്ടം, അരുമാന്തൂർക്കട, പരനിയം മുതലായ സ്ഥലങ്ങൾ സന്ദർശിച്ചു നടത്തിയ പ്രവർത്തനത്തിൽ പലരും മുമ്പോട്ടു വരാനുള്ള സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ക്രൈസ്തവരാണ് എങ്കിലും സുവിശേഷം എന്താണെന്ന് അറിയാത്തവരാണ് ബഹു ഭൂരിപക്ഷവും. ഈ സ്ഥലങ്ങളെ ഓർത്ത് ദൈവജനം പ്രാർത്ഥിക്കുക.

വി.കെ. ജോയികുമാർ,
കേരളാ കോ-ഓർഡിനേറ്റർ

### വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ കാമ്പയിൻ

## 'ഉങ്കളൈ നേസിക്കിറ കടവുൾ...'

(താങ്കളെ സ്നേഹിക്കുന്ന ദൈവം)

**വൈ**.എം.ഇ.എഫ്. സൗത്ത് ഡിവിഷന്റെ ചുമതലയിൽ ദക്ഷിണേന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ നടന്നുവരുന്ന സുവിശേഷ ദൗത്യത്തിന് പ്രാർത്ഥനയുടെയും പ്രോത്സാഹനത്തിന്റെ കൈത്താങ്ങലുകൾ നൽകിവരുന്ന ദൈവജനത്തിന് കർത്തൃനാമത്തിൽ നന്ദി അറിയിക്കുന്നു. ടീം പ്രവർത്തനം ഈ നാളുകളിൽ സേലം ജില്ലയുടെ ചുറ്റുപാടുമുള്ള പ്രദേശങ്ങളിൽ അനുഗ്രഹകരമായി നടന്നുകൊണ്ടിരിക്കുന്നു. ഇപ്പോൾ സഹോദരന്മാരായ എം.പി. അർജ്ജുനൻ (ആത്തൂർ), സെൽവരാജ് (കല്ലക്കുറിച്ചി) ജോൺ ബ്രൈറ്റ്, ജ്ഞാനശേഖർ, മണികണ്ഠൻ, ഫ്രാൻസിസ് ശശി, ഡേവിഡ്, വിജയദാസ് എന്നിവർ ടീമിലുണ്ട്. ഈ പ്രവർത്തനത്തിന്റെ നല്ല പങ്ക് ഉത്തരവാദിത്തങ്ങൾ അനേകവർഷങ്ങളായ് നിർവ്വഹിക്കുന്ന ബ്രദർ ഭാസ്കരൻ (കൊല്ലം) തന്റെ മൂക്കിന്റെ പാലം അത്യാവശ്യമായ സർജറി ചെയ്യേണ്ടി വന്നതിനാൽ താൻ നാട്ടിൽ പോയി സർജറി കഴിഞ്ഞ് ഇപ്പോൾ ടീമിൽ തിരിച്ചെത്തിയിട്ടുണ്ട്.

ഈ ദിവസങ്ങളിൽ ഞങ്ങൾ കടന്നുപോകുന്ന ഗ്രാമങ്ങൾ അധികവും നിരക്ഷരരായ ഭൂരുപക്ഷമുള്ള ഗ്രാമങ്ങളാണ്. എങ്കിലും സുവിശേഷം ശ്രദ്ധയോടെ കേൾക്കുവാൻ അനേകർ താല്പര്യം ഉള്ളവരാണ്. "മുമ്പ്, പേരു പറയാൻ അറിയാത്ത ഒരു ക്രൈസ്തവ ദേവാലയം ഒന്നു രണ്ടു വട്ടം സന്ദർശിച്ചിട്ടുണ്ടായിരുന്നു; എങ്കിലും യേശു സ്വാമി എനിക്കായി മരിച്ചു ജീവിക്കുന്നു എന്നു ഞാൻ അറിയുകയോ വിശ്വസിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ഇന്ന് എനിക്ക് ആ ഭാഗ്യം ലഭിച്ചു." മുറ്റത്തു നിന്ന് ദൈവവചനം കേട്ട് അവിടെ തന്നെ മുട്ടുകുത്തി അനുതാപത്തോടെ കർത്താവിനെ സ്വീകരിച്ച സഹോദരി പാർവ്വതിയുടെ സാക്ഷ്യമാണ് മേലുദ്ധരിച്ചത്. സമാനമായ വേറെയും ചില അനുഭവങ്ങൾ കർത്താവ് നൽകിയതോർക്കുമ്പോൾ ഹൃദയം നന്ദിയാൽ നിറയുന്നു. മാത്രമല്ല കടലൂർ എന്ന വില്ലേജിൽ നിന്നും ഒരു സഹോദരിയും തന്റെ മാതാവും കുഞ്ഞുങ്ങളുമൊത്ത് ഞങ്ങൾ പരിചയപ്പെട്ട് ദൈവവചനം പങ്കു വച്ച ആ ആഴ്ചയിൽ തന്നെ സമീപത്തെ നമ്മുടെ അസംബ്ലിയിൽ കടന്നുവന്നത് ഞങ്ങൾക്ക് വളരെ ആവേശം പകർന്നു നൽകിയ സംഭവമാണ്. ഈ പ്രിയപ്പെട്ടവർ പ്രസ്തുത സ്ഥലം സഭയ്ക്ക് അനുഗ്രഹമായ് ഭവിക്കുവാൻ പ്രാർത്ഥനയിൽ ഓർക്കാം. നാളിതുവരെ കർത്തൃവേലയിൽ ഞങ്ങൾ നേരിട്ട എല്ലാ പ്രതിസന്ധികളിലും ആലോചനയും, കൈത്താങ്ങലും പ്രാർത്ഥനാ പിൻബലവും നൽകി സഹകരിച്ചു വരുന്ന ലോകമെമ്പാടുമുള്ള ദൈവജനത്തിന് നന്ദി അറിയിക്കുന്നു. തുടർന്നും പ്രാർത്ഥനയിൽ ഓർക്കുക. സർവ്വ മഹത്വവും കർത്താവിന്റെ കാൽക്കൽ അർപ്പിക്കുന്നു.

വിജയദാസ് അലക്സാണ്ടർ
(തിരുവനന്തപുരം)


## ഈറോഡ് അനുധാവനം പന്തല്ലൂരിൽ

വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റ് ഈറോഡ് കാമ്പയിനു ശേഷം തമിഴ്നാട്ടിലുള്ള സഹോദരന്മാരുടെ ആഗ്രഹപ്രകാരം രണ്ടുമാസത്തിലൊരിക്കൽ ഒരാഴ്ചക്കാലം നടത്തുന്ന അനുധാവനപ്രവർത്തനത്തിന്റെ ഭാഗമായുള്ള അടുത്ത പ്രവർത്തനം ദൈവമനുവദിച്ചാൽ 2014 മാർച്ച് 10 മുതൽ 14 വരെ ഗൂഡല്ലൂർ മാക്കംമൂല ബ്രദറൺസഭയുടെ സഹകരണത്തിൽ പന്തല്ലൂർ എന്ന സ്ഥലം കേന്ദ്രീകരിച്ച് നടത്തുവാൻ കർത്താവിലാശ്രയിച്ചു തീരുമാനിച്ചിരിക്കുന്നു. ദൈവജനം പ്രാർത്ഥിക്കുക.

ഡിവിഷണൽ സെക്രട്ടറി

സുവിശേഷ ധ്വനി
സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന
വൈ.എം.ഇ.എഫ്. ദ്വൈവാരിക
മാർച്ച് 01
പുസ്തകം 37, ലക്കം 13

# ഭാരത ഗവൺമെന്റ് ആദരിച്ച മിഷനറി




## ഭാരതത്തെ സ്നേഹിച്ച മിഷനറി വില്യംകേറി

ആധുനിക മിഷൻ പ്രവർത്തനങ്ങളുടെ പിതാവായി അറിയപ്പെടുന്ന വില്യം കേറിയെ ഇൻഡ്യാ ഗവൺമെന്റ് ഒരു പോസ്റ്റൽ സ്റ്റാമ്പിറക്കി ആദരിച്ചു എന്നത് സന്തോഷത്തോടെ ഓർക്കുന്ന കാര്യമാണ്. 1993-ലാണ് ഈ സ്റ്റാമ്പ് പ്രസിദ്ധീകരിച്ചത്. അതിന്റെ പശ്ചാത്തലത്തിൽ കാണുന്നത് സെറാമ്പൂർ കോളേജാണ്. ഭാരതത്തെ തന്റെ സ്വന്തരാജ്യമായി കണക്കാക്കി അതിലെ ജനങ്ങളെ സേവിച്ച വ്യക്തിയായി വില്യം കേറിയെ ഗവൺമെന്റ് വിശേഷിപ്പിച്ചു. അദ്ദേഹത്തിന്റെ ജീവിതലക്ഷ്യം "ദൈവത്തിൽ നിന്നും വൻ കാര്യങ്ങളെ പ്രതീക്ഷിക്കുക; ദൈവത്തിനു വേണ്ടി വൻകാര്യങ്ങൾ ചെയ്യുവാൻ പ്രയത്നിക്കുക" എന്നതായിരുന്നു. കൽക്കട്ടാ റെയിൽവേസ്റ്റേഷനു സമീപത്തായി അദ്ദേഹത്തിന്റെ ഒരു ബൈബിൾ കോളേജ് ഇപ്പോഴും പ്രവർത്തിക്കുന്നു. അതിന്റെ മുകളിൽ വലിയ അക്ഷരങ്ങളിൽ "Expect great things from God, attempt great things from God" എന്നെഴുതി വച്ചിട്ടുണ്ട്. അദ്ദേഹം പ്രസംഗിച്ചുകൊണ്ടിരുന്ന പള്ളിയും അദ്ദേഹം താമസിച്ചിരുന്ന ബംഗ്ലാവും ഇന്നും അവിടെ കാണാം. വർഷങ്ങൾക്കു മുമ്പ് ഈ എഴുത്തുകാരന് അവിടം സന്ദർശിക്കുവാനിടയായി. അദ്ദേഹം പ്രസംഗിച്ചിരുന്ന പ്രസംഗപീഠത്തിൽ കയറി നിന്നപ്പോൾ ഞാൻ വികാരഭരിതനായി. ഈ മിഷനറി വീരന്റെ ജീവചരിത്രം എല്ലാ വിശ്വാസികളും, വിശേഷാൽ സുവിശേഷകന്മാരും വായിച്ചിരിക്കേണ്ടതാണ്. തന്റെ ജീവചരിത്രത്തെ അടിസ്ഥാനമാക്കി ഒരു സി.ഡി. പല ഭാഷകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതു കണ്ടാൽ ആരുടെയും കണ്ണുകൾ നിറയും. അത്രമാത്രം പ്രതിബന്ധങ്ങൾ നിറഞ്ഞതായിരുന്നു തന്റെ മിഷനറി പ്രവർത്തനം.

ഭൂലോകമെങ്ങും പോയി സുവിശേഷമറിയിക്കുവാനുള്ള കർത്താവിന്റെ അന്ത്യകല്പന അപ്പൊസ്തലന്മാരോടു മാത്രമുള്ളതായിരുന്നു എന്നതായിരുന്നു ആ കാലത്ത് ഇംഗ്ലണ്ടിലെ ചിന്താഗതി. എന്നാൽ കേറി അങ്ങനെയല്ല ചിന്തിച്ചത്. തന്റെ ആശയഗതി അറിയിച്ചപ്പോൾ, ഒരു പ്രായമുള്ള ശുശ്രൂഷകൻ പ്രതികരിച്ചത് ഇങ്ങനെയായിരുന്നു. "യുവാവേ, അവിടെ ഇരിക്കൂ. പുറജാതികളെ മാനസാന്തരത്തിലേക്ക് നടത്തണമെന്ന് കർത്താവ് ആഗ്രഹിക്കുന്നെങ്കിൽ നിന്റെ സഹായം കൂടാതെ കർത്താവ് അതു ചെയ്തു കൊള്ളും." ഇന്നും നമ്മുടെ സഭകളിലെ ചില മൂപ്പന്മാരുടെ ചിന്താഗതി അങ്ങനെയല്ലേ? കേറി പ്രതിവചിച്ചത് ഇങ്ങനെയായിരുന്നു: "എല്ലാ ജാതികളേയും ഉപദേശിക്കുന്നതിനു നല്കപ്പെട്ട കല്പന, ലോകാവസാനത്തോളം അവരുടെ എല്ലാ പിന്തുടർച്ചക്കാർക്കും ബാധകമാകേണ്ടതല്ലേ?" ഭാരതത്തിലെ സ്ഥിതി ഇന്നും എത്ര പരിതാപകരമാണ്? കോടിക്കണക്കിനു ഗോത്രവർഗ്ഗക്കാരും ആദിവാസികളും സുവിശേഷത്തിനായി ദാഹിക്കുന്നു. കർത്താവിന്റെ അന്ത്യകല്പന അനുസരിക്കുന്നതിൽ നാം അമ്പേ പരാജയപ്പെട്ടിരിക്കയല്ലേ?

1761 ആഗസ്റ്റ് 17-നു ഇംഗ്ലണ്ടിൽ ജനിച്ച കേറി 8-ാം സ്റ്റാൻഡേർഡ് വരെ മാത്രമേ പഠിച്ചുള്ളു എങ്കിലും വിദ്യാഭ്യാസരംഗത്തെ അദ്ദേഹത്തിന്റെ നേട്ടങ്ങൾ അനേക പിഎച്ച്.ഡി കൾ ഒന്നിച്ചു ചേർക്കുവാൻ മതിയായതായിരുന്നു. ഒരു വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ അദ്ദേഹം ഗ്രീക്കും എബ്രായഭാഷയും ഫ്രഞ്ചും ഡച്ചും ഇറ്റാലിയനും പഠിച്ചു. ഫോർട്ടു വില്യം കോളേജിൽ കേറി ബംഗാളി ഭാഷാ പ്രൊഫസറായി നിയമിക്കപ്പെട്ടു. 1801 ഫെബ്രുവരി 7-നു ബംഗാളി ഭാഷയിൽ അദ്ദേഹം തയ്യാറാക്കിയ പുതിയ നിയമത്തിന്റെ അച്ചടി പൂർത്തിയായി. ആദ്യത്തെ പതിപ്പ് 200 കോപ്പികളാണ് അച്ചടിച്ചത്. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ട് ഗ്രാമപ്രദേശങ്ങളിൽ 100 സ്കൂളുകൾ അദ്ദേഹം ആരംഭിച്ചു. 34 ഭാഷകളിൽ വേദപുസ്തകം തർജ്ജമ ചെയ്തതിനു പുറമേ മറാത്തി, സംസ്കൃതം, പഞ്ചാബി, തെലുങ്ക് എന്നീ ഭാഷകളിലെ വ്യാകരണ ഗ്രന്ഥങ്ങളും അദ്ദേഹം തയ്യാറാക്കി. രാമായണവും മഹാഭാരതവും ബംഗാളി ഭാഷയിലേക്ക് വിവർത്തനം ചെയ്തു. ഔപചാരിക വിദ്യാഭ്യാസവും വേദശാസ്ത്രപഠനവും ഒരു മേൽക്കൂരയ്ക്കു കീഴിൽ നടത്തുന്ന സെറാമ്പൂർ കോളേജ് ആരംഭിച്ചതും കേറിയുടെ നേട്ടങ്ങളിലൊന്നാണ്. ആദ്യത്തെ ഇൻഡ്യൻ പത്രമായ 'സമാചാർ ദർപ്പൺ' 1818 മുതൽ അദ്ദേഹം പ്രസിദ്ധീകരിച്ചു.

എന്തെല്ലാം പ്രതികൂലങ്ങളെ അഭിമുഖീകരിച്ചുകൊണ്ടാണ് ഈ മിഷനറി തന്റെ ശുശ്രൂഷകൾ ചെയ്തതെന്നത് ആരെയും അത്ഭുതപ്പെടുത്തും. അന്ന് ഇൻഡ്യയിൽ പ്രവർത്തിച്ചിരുന്ന ഈസ്റ്റ് ഇൻഡ്യ കമ്പനിയുടേതായിരുന്നു ആദ്യത്തെ എതിർപ്പ്. അവർ മിഷനറിമാരെ വെറുത്തിരുന്നു. അതുകൊണ്ട് ഡച്ച് കോളനിയായ സെറാമ്പൂരിൽ കേറിക്ക് അഭയം തേടേണ്ടിവന്നു. ഇംഗ്ലണ്ടിൽ നിന്നും പണമയയ്ക്കുന്നതിനുണ്ടായ തടസ്സം നിമിത്തം ദാരിദ്ര്യവും അനുഭവിച്ചതിന്റെ ഫലമായി ഫാക്ടറിയിൽ ജോലി ചെയ്തു. തന്റെ ഭാര്യ ഡൊറോത്തി 1781-ലും രണ്ടാം ഭാര്യ 1821-ലും മരിച്ചതിനു പുറമേ രണ്ടു മക്കൾ മരിച്ചതും തനിക്കേറ്റ ആഘാതമായിരുന്നു. എങ്കിലും വിഷമതകൾ വർദ്ധിച്ചു വന്നാലും മുമ്പോട്ടു തന്നെ പോകാനായിരുന്നു തന്റെ തീരുമാനം. 1812 മാർച്ച് 11-നു സെറാമ്പൂരിലെ മിഷൻ പ്രസ്സിനു തീ പിടിച്ചു. പല ഭാഷകളിലുള്ള തന്റെ തർജ്ജമകളുടെ കൈയ്യെഴുത്തു പ്രതികൾ അഗ്നിക്കിരയായത് വലിയ നഷ്ടമായി. തനിക്ക് ആവർത്തിച്ചുണ്ടായ മലേറിയയും കോളറയും താൻ കടന്നുപോയ അഗ്നിശോധനയുടെ ദൃഷ്ടാന്തങ്ങളായിരുന്നു.

കേറിയുടെ നേട്ടങ്ങളിൽ പ്രധാനമായ ഒന്നാണ് ഡോ. രാജാറാംമോഹൻറോയിയോടു ചേർന്ന് "സതി" എന്ന ദുരാചാരത്തിന് അറുതി വരുത്തുവാനിടയായത്. പാവപ്പെട്ട കർഷകരെ സഹായിക്കുവാൻ സേവിങ്സ് ബാങ്ക് പദ്ധതിയും അദ്ദേഹം ആവിഷ്കരിച്ചു. പശ്ചിമബംഗാളിന്റെ ഏതു ഭാഗത്തു ചെന്നാലും ഈ മിഷനറിയെ എല്ലാവർക്കുമറിയാം. കേറിസാഹിബ് എന്നാണ് അദ്ദേഹത്തെ അവർ വിളിക്കുന്നത്. കേറിയുടെ ഭാഷാപാണ്ഡിത്യം നമുക്കാർക്കും ഉണ്ടായില്ലെങ്കിലും അദ്ദേഹത്തിന്റെ ത്യാഗമനോഭാവവും സമർപ്പണവും നമുക്കെല്ലാവർക്കും എക്കാലവും വലിയൊരു വെല്ലുവിളിയാണെന്നതിനു സംശയമില്ല. അനേക യുവാക്കന്മാർ ഉണർത്തപ്പെടുന്നതിന് ഈ മഹത്തായ ജീവിതം മുഖാന്തരമായിത്തീരട്ടെ. കർത്താവിന്റെ നാമം മഹത്വപ്പെടട്ടെ.

*ഇ.ജെ. പൈലി*

---

➢ 1-ാം പേജിൽ നിന്നും തുടർച്ച

## നൈൽ മുതൽ നെബോ വരെ

യാണ്. ഇല്ല എന്ന് യഹോവയായ ദൈവം കല്പിക്കുമ്പോഴും തരുമോ എന്ന അപേക്ഷയുമായി മോശെ സർവ്വശക്തന്റെ പിന്നാലെ എത്രയോ വട്ടം സമീപിച്ചു കാണും. മോശെയുടെ വാക്കുകൾ തന്നെ ശ്രദ്ധിക്കുക. "അക്കാലത്ത് ഞാൻ യഹോവയോടു അപേക്ഷിച്ചു; ഞാൻ കടന്നുചെന്നു യോർദ്ദാനക്കരെയുള്ള നല്ല ദേശവും മനോഹരമായ പർവ്വതവും ലബനോനും ഒന്നു കണ്ടുകൊള്ളട്ടെ എന്നു പറഞ്ഞു. എന്നാൽ യഹോവ നിങ്ങൾ നിമിത്തം എന്നോട് കോപിച്ചിരിക്കുന്നു, എന്റെ അപേക്ഷ കേട്ടതുമില്ല. യഹോവയെന്നോടു മതി ഇനി ഈ കാര്യത്തെക്കുറിച്ച് എന്നോട് സംസാരിക്കരുത്. പിസ്ഗയുടെ മുകളിൽ കയറി തലപൊക്കി പടിഞ്ഞാറോട്ടും വടക്കോട്ടും തെക്കോട്ടും കിഴക്കോട്ടും നോക്കി കാൺക; ഈ യോർദ്ദാൻ നീ കടക്കയില്ല" (ആവ. 3:24-27)

ഞാൻ ഒന്ന് കണ്ടുകൊള്ളട്ടെ എന്ന വാക്കുകൾ എത്ര ഹൃദയസ്പർശിയാണ്! തിരുവചനത്തിലെ ആ ഭാഗം വായിക്കുന്നവരിൽ ഗദ്ഗദകണ്ഠരാകാത്തവർ എത്ര പേർ ഉണ്ട്? ഇനിയും ഇക്കാര്യത്തെക്കുറിച്ചു സംസാരിക്കരുത് എന്ന് കോപിഷ്ഠനായ ദൈവം താക്കിത് ചെയ്യുന്നതുവരെയും മോശെ ആവർത്തിച്ച് അപേക്ഷിക്കുമ്പോൾ തന്റെ ജീവിത സാക്ഷാത്ക്കാരമായിരുന്നു പൊലിഞ്ഞു പോയത്. ഒരു പുരുഷായുസ്സു മുഴുവൻ എന്തിനു വേണ്ടി പ്രയത്നിച്ചുവോ അത് ലഭിച്ചില്ല എന്നുവന്നാൽ അതുളവാക്കുന്ന ഹൃദയവേദന വാക്കുകൾകൊണ്ട് തിട്ടപ്പെടുത്താനാവില്ല. മിസ്രയീമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനമെന്നെണ്ണി എന്നു മാത്രമല്ല, ഫറവോന്റെ പുത്രിയുടെ മകൻ എന്നു വിളിക്കപ്പെടുന്നതിനെക്കാൾ ദൈവജനത്തോടൊത്ത് കഷ്ടമനുഭവിക്കുന്നത് തിരഞ്ഞെടുത്ത ഒരു മോശെയാണ് ഇപ്പോൾ യഹോവയുടെ മുമ്പിൽ നിന്നു കെഞ്ചുന്നത് എന്നോർക്കുമ്പോൾ നമ്മുടെ കണ്ണുകൾ നിറയാതിരിക്കില്ല.

അതിന് മുഖാന്തിരമായ വേദഭാഗം ഒന്നു നോക്കാം. "മോശെയും അഹരോനും പാറയുടെ അടുക്കൽ സഭയെ വിളിച്ചുകൂട്ടി അവരോടു മത്സരികളേ, കേൾപ്പിൻ; ഈ പാറയിൽ നിന്നു ഞങ്ങൾ നിങ്ങൾക്കുവേണ്ടി വെള്ളം പുറപ്പെടുവിക്കുമോ എന്നു പറഞ്ഞു. മോശെ കൈ ഉയർത്തി വടി കൊണ്ടു പാറയെ രണ്ട് പ്രാവശ്യം അടിച്ചു. വളരെ വെള്ളം പുറപ്പെട്ടു ജനവും അവരുടെ കന്നുകാലികളും കുടിച്ചു. പിന്നെ യഹോവ മോശെയോടും അഹരോനോടും നിങ്ങൾ യിസ്രയേൽ മക്കൾ കാൺകെ എന്നെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസിക്കാതിരുന്നതു കൊണ്ട് നിങ്ങൾ ഈ സഭയെ ഞാൻ അവർക്ക് കൊടുത്തിരിക്കുന്ന ദേശത്തേക്ക് കൊണ്ടു പോകുകയില്ല എന്ന് അരുളി ചെയ്തു" (സംഖ്യ 20:10-12).

വാഗ്ദത്ത കനാനിൽ മോശെക്ക് പ്രവേശനം നിഷേധിക്കപ്പെട്ടതിന്റെ കാരണം ഇത്രയ്ക്ക് ഗൗരവമുള്ളതാണോ? ആ സംഭവത്തിന്റെ വിശദീകരണം ഇന്നും അവ്യക്തമാണ്. മോശെയുടെ ഒരു ബലഹീന നിമിഷത്തിൽ അവിശ്വാസം മൂലം പറഞ്ഞു പോയ വാക്കാണ് ദൈവത്തെ കോപിപ്പിച്ചത് എന്ന് ഒരു കൂട്ടം വേദപഠിതാക്കൾ വിശ്വസിക്കുന്നു. അതിനു ബദലായ വ്യാഖ്യാനങ്ങളും നിലനിൽക്കുന്നു. പാറയോടു കല്പിക്കുന്നതിനു പകരം അവൻ ജനത്തോട് സംസാരിച്ചുവെന്നതോ, ഒരു പ്രാവശ്യം കല്പിക്കുക എന്നതിന് പകരം രണ്ട് പ്രാവശ്യം പാറയെ വടികൊണ്ട് അടിച്ചു എന്നതോ പാപകാരണമായി ദൈവം കണക്കിട്ടു. എന്തായാലും വലിയവനായ ദൈവത്തിന്റെ നാമം ശുദ്ധീകരിക്കപ്പെടാതെപോയ ഒരു ശുശ്രൂഷയായി പോയി കാദേശിലെ മോശെയുടേത്. ഒരു ജീവിത സാഫല്യത്തെ നിർദ്ദാക്ഷണ്യം തകർത്തെറിയുവാൻ പര്യാപ്തമായ തെറ്റാണോ അത്? ഇഷ്ടപുരുഷനായ മോശെയോട് ഈ ബലഹീനത പൊറുക്കാതെ പോയത് അല്പം കടന്ന കയ്യായിപോയി എന്ന് നമുക്ക് തോന്നാം. മുഖപക്ഷമില്ലാതെ ന്യായം നടത്തുന്ന ഒരു ദൈവത്തിന്റെ കോടതിക്ക് മുന്നിലാണ് ഞാനും നിങ്ങളും നില്ക്കുന്നത് എന്നോർക്കുമ്പോൾ ദാവീദിനോടും പത്രോസിനോടും കരുണ കാണിച്ച ദൈവം എന്തുകൊണ്ട് തന്റെ ദാസനായ മോശെയോട് ഇക്കാര്യത്തിൽ കരുണ കാണിച്ചില്ല എന്ന് ചോദിക്കാൻ നാം മുതിരരുത്.

എത്ര ആത്മീയ ശുശ്രൂഷകൾ ഉണ്ടെന്നാലും എത്ര അത്ഭുതങ്ങൾ പ്രവർത്തിച്ചാലും ദൈവനാമം മഹത്വപ്പെടാത്ത ഏതു പ്രവൃത്തിയും ശിക്ഷാർഹമാണ്. സൂര്യൻ ഉദിച്ചു അസ്തമിക്കുന്നതിന് മുമ്പ് മലിനമാകാത്ത ഒരു ദിവസം പോലും ശേഷിക്കുന്നില്ല നമ്മുടെ ജീവിതത്തിൽ. മോശെയോട് കണക്കിട്ട ചെറിയ ബലഹീനതകൾ ഒരോ വിശ്വാസിയും അറിഞ്ഞും അറിയാതെയും എത്ര തവണ ആവർത്തിച്ചിട്ടുണ്ട്. അധികം താമസിക്കാതെ നാമും അതിന്റെ കണക്ക് ദൈവിക കോടതിയിൽ ബോധിപ്പിച്ചേ മതിയാവു എന്ന കാര്യം ദൈവാത്മാവ് നമ്മെ ഉത്ബോധിപ്പിക്കുന്നു. അതുകൊണ്ട് നമുക്ക് നമ്മെതന്നെ വിശുദ്ധീകരിക്കാനുള്ള സമയമാണിത്.

ഒടുവിൽ അവർ ഒരുമിച്ചു നിന്നു; നെബോ പർവ്വതശിഖരത്തിന് മുകളിൽ. യഥാവാനായ ദൈവവും അവന്റെ ദാസനായ മോശെയും. മോശെയുടെ ഈ ഭൂമിയിലെ അവസാന നിമിഷങ്ങൾ. പിസ്ഗയുടെ മുകളിൽ നിന്ന് നീ കണ്ണുകൊണ്ടു കാണും എന്നാൽ അവിടേയ്ക്ക് കടന്നുപോകയില്ല എന്ന് യഹോവ കല്പിച്ച ദേശം മോശെ കണ്ടു.

യഹോവയായ ദൈവം യിസ്രയേൽ ഗോത്രങ്ങൾക്കായ് അതിർതിരിച്ച ദേശമൊക്കെയും തന്റെ ദാസനെ കാണിച്ചു. സുഗന്ധവർഗ്ഗങ്ങളുടെ നാടായ ഗിലെയാദും, ഈന്തപ്പനപ്പട്ടണമായ യെരിഹോവും, വളഞ്ഞൊഴുകുന്ന യോർദ്ദാനും, ഗോതമ്പു വിളഞ്ഞു കിടക്കുന്ന ബേത്ലഹേമും, മഞ്ഞുപെയ്യുന്ന ഹെബ്രോനും ഒക്കെ മോശെ നോക്കി കണ്ടു. മോശെയുടെ നാവു മന്ത്രിച്ചു കാണും "നല്ലൊരു ദേശം." ദൈവദൂതന്മാരുടെ സംഘം ആകാശഗംഗകളിൽ നിന്നും ഗീതങ്ങൾ ആലപിച്ചു. ആ ശരീരം നിശ്ചലമായി. യഹോവയായ ദൈവംതന്നെ മോശെയുടെ മൃതശരീരം സ്വർഗ്ഗീയ ബഹുമതികളോടെ അടക്കം ചെയ്തു. മനുഷ്യ ചരിത്രത്തിലെ ആദ്യത്തെയും ഒടുവിലെത്തേതുമായ ദൈവം നിർവ്വഹിച്ച ശവസംസ്ക്കാര ശുശ്രൂഷയായിരുന്നു അത്. "മനുഷ്യാ നീ മണ്ണാകുന്നു, മണ്ണിലേക്കു മടങ്ങിച്ചേരും" എന്നാദിയിൽ അരുളി ചെയ്തവൻ തന്നെ ആ കർമ്മം നിവർത്തിച്ചു. അപ്പോഴും ഒരു സംശയം ബാക്കി നില്ക്കുന്നു. മോശെയേ നീ ദൈവത്തിന് ഇത്രയും പ്രീയപ്പെട്ടവനോ?

മണ്ണുകൊണ്ട് സൃഷ്ടിക്കപ്പെട്ട മനുഷ്യനെ സ്വർഗ്ഗീയനായ ദൈവം എത്രത്തോളമുയർത്താമോ അത്രയും തന്നെ ദൈവത്തിന്റെ ദാസനായ മോശെയും ഉയർന്നു. മോശെയുടെ ശുശ്രൂഷ അവിടം കൊണ്ട് അവസാനിക്കുന്നില്ല. മറുരൂപമലയിൽ യേശുവുമായി സംഭാഷിക്കുന്നത് മത്തായി രേഖപ്പെടുത്തിയിരിക്കുന്നു. മാത്രമല്ല ഇനിയും ലോകത്തിന് അന്ത്യകാലത്ത് വെളിപ്പെടുവാനുള്ള രണ്ട് സാക്ഷികളിലൊന്ന് മോശെയെന്ന് പൊതുവെ വിശ്വസിക്കുന്നു. ഇവിടെയാണ് മോശെയുടെ തിരഞ്ഞെടുപ്പിന്റെ വിലയറിയുന്നത്. മിസ്രയീമിലെ രാജപുത്രിയുടെ മകനായി പ്രശസ്തനായി മരിച്ചാൽ ഒരു മമ്മിയായി മോശെ ഉണരാതെ കിടന്നേനേം. ചരിത്രത്തിന്റെ താളുകൾ മറിക്കുമ്പോൾ കാലം മോശെയെ മറന്നുപോകും. എന്നാൽ ഇന്ന് മോശെയുടെ ശരീരം യഹോവയുടെ കൈകളിലാണ്. "എന്റെ ശവങ്ങൾ എഴുന്നേല്ക്കും; നിന്റെ മൃതന്മാർ മരിക്കും" (യെശ. 26:19). അതെ ഉയർപ്പിന്റെ സുപ്രഭാതത്തിൽ നാം മൺമറഞ്ഞ വിശുദ്ധന്മാരെ നേരിൽ കാണുമ്പോൾ, നെബോയുടെ ഉയരങ്ങളിൽ നിന്ന് ഉയരത്തിലേക്ക് കരേറിപ്പോയ മോശെയെ നമുക്ക് അന്നു കാണാം. ●

ഗോത്രങ്ങൾ തേടി..... 73

# സുവിശേഷത്തിന് കാതോർത്ത്
# കനോജി

**ജനസംഖ്യ : 95 ലക്ഷം**
**സാക്ഷരത : 60%**
**തിരുവചന ലഭ്യത : തിരുവചന പരിഭാഷ നിലവിലില്ല**

**പുകയില, സുഗന്ധദ്രവ്യങ്ങൾ, പനിനീർ എന്നിവയുടെ വിപണനം കൊണ്ടു പ്രസിദ്ധമായ ഒരു കമ്പോളമാണ് കനൌജ്**



മനോഹരമായ കനൌജ് പട്ടണത്തിന്റെ പഴയപേര് കന്യകുബ്ജ് എന്നായിരുന്നു. ഇന്ത്യാ ചരിത്രത്തിൽ ഒരു പ്രധാന സ്ഥാനമുള്ള ഈ പ്രദേശം പല രാജാക്കന്മാർ ഭരിച്ചിട്ടുണ്ട്. പല കാരണങ്ങളാലും പ്രസിദ്ധമാണ് ഈ സ്ഥലം. എ.ഡി. 554-606 കാലത്ത് ഇത് ഒരു പ്രമുഖ വിദ്യാഭ്യാസ കേന്ദ്രമായി അറിയപ്പെട്ടുകൊണ്ടിരുന്നു. ഈ കാലത്ത് ഇവിടം ഭരിച്ചുകൊണ്ടിരുന്ന ഇഷാൻ വർമ്മ മുഖാരി രാജവംശത്തിന്റെ സ്ഥാപകൻ ആണ്. 'ഹിന്ദുമതത്തിന്റെ നട്ടെല്ല്' എന്നറിയപ്പെടുന്ന മൂന്നു വേദങ്ങൾ ഇവിടെ പഠിപ്പിക്കുകയും ചെയ്യുന്നു. പ്രസിദ്ധ മഹാകവി ഖാഗ്- ന്റെ ജന്മ സ്ഥലമാണിവിടം. പുണ്യനദി ഗംഗ ഇതുവഴി ഒഴുകുന്നു. വേദകാലത്ത് ഇവിടം "പാഞ്ചാൽ" അതായത് 'അഞ്ചുനദികളുടെ നാട്' എന്ന് അറിയപ്പെടുന്നു. രാമായണ കർത്താവായ വാല്മീകിയാണ് സാഹിത്യത്തിൽ കന്യാകുബ്ജ് എന്ന പേര് ആദ്യമായി ഉപയോഗിച്ചത്. പണ്ട് അറേബ്യൻ ഭൂമിശാസ്ത്രകാരന്മാർ കനൌജിയെ ഇൻഡ്യയിലെ പ്രധാന പട്ടണമായി ചിത്രീകരിച്ചിരുന്നു. ഇവിടെ റോസ്, ജമന്തി, മുല്ല എന്നീ പൂച്ചെടികളും മൈലാഞ്ചിയും ധാരാളമായി നട്ടു വളർത്തിയിരുന്നു. ഇന്ന്, കനൌജ് ഉത്തരപ്രദേശിലെ കനൌജ് ജില്ലയിലെ ഒരു പട്ടണമാണ്.

കനൌജ് ഭാഷയിൽ ചില പുരാതന ലിഖിതങ്ങൾ ഉണ്ട്. ആധുനിക സാഹിത്യ സൃഷ്ടികൾ ഒന്നുമില്ല. ഈ ഭാഷയെ ഉദ്ധരിക്കാൻ ആവശ്യമായ കാര്യങ്ങൾ ചെയ്യണമെന്ന് ജനങ്ങൾ അഭിപ്രായപ്പെടുന്നുണ്ട്. കനൌജികളുടെ പ്രധാന തൊഴിൽ കൃഷിയാണ്. കുട്ടികളിൽ അധികം പേരും സ്കൂളിൽ പോകാത്തവർ ആണ്. ഇവർ കാർഷിക തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. ഈ പ്രദേശത്ത് നല്ല രീതിയിലുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ ഇല്ല. സ്കൂൾ ഉള്ള സ്ഥലത്തുപോലും സൗകര്യങ്ങൾ വളരെ കുറവാണ്. കനൌജികൾ അടിസ്ഥാനപരമായി ഹിന്ദുമതക്കാരാണ്. ഏറിയപങ്കും കടുത്ത ഹിന്ദുമത വിശ്വാസികളാക കൊണ്ട് ഇവരുടെ ഇടയിൽ ക്രിസ്തീയ പ്രവർത്തനം ആരംഭിക്കുക തന്നെ വളരെ പ്രയാസമുള്ള ഒന്നാണ്. കഴിഞ്ഞ നൂറു വർഷത്തിലേറെയായി ക്രിസ്തീയ മിഷനറി പ്രവർത്തനം ഇവരുടെ ഇടയിൽ നടക്കുന്നുണ്ടെങ്കിലും സുവിശേഷത്തോടുള്ള കനൌജികളുടെ പ്രതികരണം വളരെ സാവധാനമാണ്.

ഇവിടെ ഇപ്പോൾ കുറെയേറെ സഭകളുണ്ട്. കനൌജി ഭാഷയിൽ ജീസസ്സ് ഫിലിം ഉണ്ട്. പുതിയനിയമം 1821 പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും ഇതിന്റെ ഇപ്പോഴുള്ള അവസ്ഥ വ്യക്തമല്ല. തിരുവചനത്തിന്റെ ഓഡിയോ റെക്കോർഡിംഗ് ലഭ്യമാണ്. ഇവിടെ ഏകദേശം 40,000 ൽ ഏറെ ക്രിസ്ത്യാനികൾ ഉണ്ടെങ്കിലും, ഇത് ഇവരുടെ ജനസംഖ്യയുടെ കേവലം ഒരു ശതമാനത്തിൽ താഴെയാണ്. ക്രിസ്തീയ വിശ്വാസ ജീവിതത്തിൽ ബലം പ്രാപിക്കുന്നതിന് ഇവർക്ക് തിരുവചന സംബന്ധമായ മറ്റു ഉപകരണോപാധികൾ ആവശ്യമാണ്. മധ്യസ്ഥപ്രാർത്ഥനയും നിരന്തരമായ മിഷൻ പ്രവർത്തനങ്ങളും ഇപ്പോഴും വളരെ ആവശ്യമാണ്. കനൌജി ജനത്തെ ക്രിസ്തുവിനു വേണ്ടി നേടുവാൻ.

### പ്രാർത്ഥനയ്ക്കായി

- കനൌജികളുടെ മധ്യത്തിലേക്ക് കൂടുതൽ സുവിശേഷവേലക്കാർ പോകുന്നതിനുവേണ്ടി...
- കനൌജി ഭാഷയിൽ ക്രിസ്തീയ റേഡിയോ പരിപാടികളും സുവിശേഷ ലേഖകളും മറ്റു ഉപാധികളും ലഭ്യമാകുന്നതിനു വേണ്ടി...
- സുവിശേഷം സ്വീകരിക്കുവാൻ പാകത്തിൽ കനൌജികളുടെ മനസ്സിനെ പരിശുദ്ധാത്മാവ് രൂപാന്തരപ്പെടുത്തേണ്ടതിനായി...

**ഇ.ജെ.പി.** (കടപ്പാട്: എൻ.എൽ.സി.ഐ.)

---

**വൈ.എം.ഇ.എഫ്. നോർത്ത് ഡിവിഷൻ കാമ്പയിൻ**

# 2014 ജനുവരിയിൽ നടന്ന
# അനുധാവന പ്രവർത്തനങ്ങൾ

**റിപ്പോർട്ട്: പി.ബി. സാമുവേൽ, രാജസ്ഥാൻ**

ഗുഡ്ഗാവിലെ പ്രവർത്തനത്തിനു ശേഷം അനുധാവന പ്രവർത്തനത്തിനായി വാഹനം ഡിസം. 31-ന് ഹനുമാൻഗഡിലേക്ക് കൊണ്ടുവന്നു. തണുപ്പിന്റെ പ്രയാസം കാരണം ജനുവരി അഞ്ചുവരെ ഹനുമാൻ ഗഡിൽ തന്നെ ചെറിയ നിലയിൽ പ്രവർത്തിച്ചു. 6-ാം തീയതി മുതൽ ഏകദേശം മൂന്നാഴ്ചക്കാലം മലോട്ട് ഡബ്വാലി റൂട്ടിൽ പ്രവർത്തിക്കുവാൻ ദൈവം സഹായിച്ചു. ഈ ദിവസങ്ങൾ വളരെ അനുഗ്രഹിക്കപ്പെട്ട സമയങ്ങളായിരുന്നു. ദൈവത്തിന്റെ കരുതലും നടത്തിപ്പും പ്രവർത്തനത്തിൽ സഹകരിച്ച എല്ലാവർക്കും അനുഭവിപ്പാൻ ഇടയായി. സഹോദരന്മാരായ റിച്ചാർഡ്, കുൾവിന്ദർ, നിർമ്മൽ, ജസ്റ്റിൻ, സാബി മസീ, സന്തോഷ് എന്നിവർ പല സമയങ്ങളിലായി പ്രവർത്തനത്തിൽ സഹകരിച്ചു. മലോട്ടിന് അടുത്തുള്ള 'അബുൽ ഖുറാന' എന്ന സ്ഥലത്ത് ഒരു കൂടിവരവ് ഉണ്ടാകണം എന്ന ആഗ്രഹത്തോടും പ്രാർത്ഥനയോടും കൂടെ ആ പരിസരപ്രദേശങ്ങളിലാണ് പ്രവർത്തനങ്ങൾ പ്രധാനമായും ക്രമീകരിച്ചിരുന്നത്. ദൈവം ഈ ആഗ്രഹത്തെ മാനിക്കുകയും മിക്കവാറും എല്ലാ ദിവസങ്ങളും ചിലർ കർത്താവിനെ രക്ഷിതാവായി സ്വീകരിക്കുന്നത് കാണുവാനും ഇടയായി. ഒരു ഗ്രാമത്തിൽത്തന്നെ പല സ്ഥലങ്ങളിൽ പരസ്യയോഗങ്ങൾ നടത്തുകയും താല്പര്യമുള്ള ഭവനങ്ങളിൽ കടന്നുപോയി സുവിശേഷം വ്യക്തിപരമായി അറിയിക്കുകയും ചെയ്യുകയുണ്ടായി. ഈ നിലയിൽ ഒരു ദിവസം രണ്ടോ മൂന്നോ ഗ്രാമങ്ങളേ സന്ദർശിക്കുവാൻ കഴിയുമായിരുന്നുള്ളു.

**സന്ദർശിച്ച ഗ്രാമങ്ങൾ**

ഞങ്ങൾ ആദ്യമായി സന്ദർശിച്ച 'ദിയോൻ ഖേഡ' എന്ന ഗ്രാമത്തിൽ തന്നെ സന്തോഷജനകമായ ഒരു പ്രതികരണമാണുണ്ടായത്. അവിടെ താല്പര്യമുള്ള ഒരു ഭവനത്തെ കാണുകയുണ്ടായി. ഞങ്ങൾ ആ ഭവനത്തിൽ പോയി സുവിശേഷം അറിയിച്ചതിന്റെ ഫലമായി 3 പേർ കർത്താവിനെ സ്വീകരിച്ചു. ആ ഗ്രാമത്തിൽ തന്നെ മറ്റൊരു കുടുംബം ഞങ്ങളെ ക്ഷണിക്കുകയുണ്ടായി. അവിടെയും വചനം അറിയിപ്പാൻ ദൈവം ഞങ്ങളെ ബലപ്പെടുത്തി. ആ ഭവനത്തിൽ നിന്നും നാലുപേർ കർത്താവിനെ സ്വീകരിച്ചതായി ഏറ്റുപറഞ്ഞു. അങ്ങനെ പ്രവർത്തനത്തിന്റെ ആദ്യ ദിവസം തന്നെ ഏഴുപേർ കർത്താവിനെ സ്വീകരിക്കുന്നതുകണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവാനിടയായി. ഈ നിലയിൽ മൂന്ന് ആഴ്ചകൾ കൊണ്ട് 14 ഗ്രാമങ്ങൾ സന്ദർശിക്കുവാനിടയായി. മിക്കവാറും എല്ലാ ദിവസങ്ങളിലും സുവിശേഷസത്യങ്ങൾ അടങ്ങിയ പുസ്തകങ്ങൾ എത്തിക്കുവാൻ ഞങ്ങൾ ശ്രമിച്ചു. ഈ ഗ്രാമങ്ങളിൽ വ്യക്തിപരമായി സുവിശേഷം അറിയിച്ചതിനാൽ 45-ൽ പരം

**അധ്യാപകർ ഈ സ്ഥലങ്ങളെപ്പറ്റി നമ്മുടെ ബൈബിൾ സ്കൂളുകളിൽ പറയുകയും പ്രായോഗിക പരിശീലനത്തിനായി കുട്ടികളെ ഈ സ്ഥലങ്ങളിലേക്ക് കൊണ്ടുവരികയും ചെയ്യുക.**

പേർ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു. സ്വർഗ്ഗത്തിൽ സന്തോഷമുളവാക്കുന്ന ഈ വാർത്ത ദൈവജനത്തിന്റെ മധ്യേ സ്തോത്രത്തിനായി അറിയിക്കുന്നു. അവസാനദിവസങ്ങളിൽ, രക്ഷിക്കപ്പെട്ടവരെ വീണ്ടും പോയി കാണുവാനും അവർക്ക് വചനസത്യങ്ങൾ കുറച്ചുകൂടെ പറഞ്ഞുകൊടുക്കുവാനും സാധിച്ചു. ചിലസ്ഥലങ്ങളിൽ രാത്രി യോഗങ്ങൾ, ഫിലിം ഷോ മുതലായ ശുശ്രൂഷകളും ചെയ്യുവാനിടയായി. സാക്ഷ്യങ്ങളും സുവിശേഷ സന്ദേശങ്ങളുമടങ്ങിയ ഫിലിമുകളാണ് ഈ സ്ഥലങ്ങളിൽ കാണിച്ചത്. പാട്യാലയിലുള്ള സഹോ. ജസ്റ്റിൻ ആണ് ഈ ശുശ്രൂഷയിൽ ഞങ്ങളെ സഹായിച്ചത്.

ഈ പ്രവർത്തനങ്ങൾ മുഖാന്തരം രണ്ടുസ്ഥലങ്ങളിൽ കൂടിവരവിനുള്ള സാധ്യതയുണ്ടായി. ഡബ്വാലി എന്ന സ്ഥലത്ത് ഒരു വിശ്വാസ കുടുംബം ഉണ്ടായിരുന്നു. ഈ പ്രവർത്തനത്തിനുശേഷം രണ്ടു കുടുംബങ്ങൾ കൂടെ വിശ്വാസത്തിലേക്കു വന്നു. ഇവിടെ ഒരു കൂടിവരവിനു സാധ്യതയുണ്ട്.

അടുത്തത് മലോട്ടിനടുത്തുള്ള 'അബുൽ ഖുറാന' എന്ന സ്ഥലമാണ്. രക്ഷിക്കപ്പെട്ടവരിൽ അധികം പേരും ഈ സ്ഥലത്തിനു ചുറ്റുപാടുമുള്ളവരാണ്. എത്രയും വേഗം ഇവിടെ ഒരു കൂടിവരവ് ഉണ്ടാകണം എന്ന ആഗ്രഹത്തോടും പ്രാർത്ഥനയോടും കൂടെ സഹോ. റിച്ചാർഡ് ഈ സ്ഥലങ്ങളിലും പ്രവർത്തിച്ചു വരുന്നു.

**പ്രാർത്ഥനയ്ക്കായി ചില വിഷയങ്ങൾ**

ഞങ്ങൾ സന്ദർശിച്ച 14 ഗ്രാമങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക. ദൈവത്തിന്റെ മാറ്റമില്ലാത്ത വചനം ഈ ദിവസങ്ങളിൽ അനേകർ കേൾക്കുകയുണ്ടായി. ബൈബിളുകൾ, പുതിയ നിയമപ്രതികൾ, സുവിശേഷസന്ദേശമടങ്ങുന്ന സി.ഡി.കൾ, പുസ്തകങ്ങൾ എന്നിവ അനേകഭവനങ്ങളിൽ എത്തിച്ചിട്ടുണ്ട്. ദൈവത്തിന്റെ വചനം അവരുടെ ഹൃദയങ്ങളിൽ പ്രവർത്തിച്ച് ഈ ദിവസങ്ങളിൽ അവർ കർത്താവിനെ അറിയുവാൻ ഇടയാകേണ്ടതിനായി പ്രാർത്ഥിക്കുക. രക്ഷിക്കപ്പെട്ട 45-ൽ പരം ആൾക്കാർ വിശ്വാസത്തിൽ നിലനിൽക്കേണ്ടതിനും, അവരെ വിശ്വാസ സത്യങ്ങൾ പഠിപ്പിക്കുവാനുള്ള അനുകൂല സാഹചര്യം ഉണ്ടാകേണ്ടതിനുമായി പ്രാർത്ഥിക്കുക.

**ഇനി എന്ത്? എങ്ങനെ?**

ഈ പ്രദേശങ്ങളിൽ നടക്കുന്ന ശുശ്രൂഷകളിൽ ചുമൽ കൊടുക്കുവാൻ ആർ കടന്നു വരും എന്നുള്ള ചോദ്യം അനുവാചകരുടെ ചിന്തയ്ക്കും പ്രാർത്ഥനയ്ക്കുമായി ഞങ്ങൾ വീണ്ടും ഓർമ്മിപ്പിക്കുന്നു. പഞ്ചാബിൽ നമ്മുടെ കൂടി വരവുകൾ ഉണ്ടാകാൻ സാധ്യതയുള്ള ചില സ്ഥലങ്ങളെപ്പറ്റി വൈ.എം.ഇ.എഫ്. ന്റെ പ്രവർത്തനത്തോടുള്ള ബന്ധത്തിൽ ചില നാളുകൾക്കു മുമ്പ് ഓർമ്മിപ്പിച്ചിരുന്നല്ലോ. അധ്യാപകർ ഈ സ്ഥലങ്ങളെപ്പറ്റി നമ്മുടെ ബൈബിൾ സ്കൂളുകളിൽ പറയുകയും പ്രായോഗിക പരിശീലനത്തിനായി കുട്ടികളെ ഈ സ്ഥലങ്ങളിലേക്ക് കൊണ്ടുവരികയും ചെയ്യാം. നമ്മുടെ കൂടിവരവുകൾ ഈ പ്രദേശങ്ങളിൽ ഉണ്ടാകട്ടെ എന്നുള്ള ആഗ്രഹത്തോടും പ്രാർത്ഥനയോടും കൂടി ഈ റിപ്പോർട്ട് നിർത്തുന്നു. ●

### എസ്.ബി.എസ്. മിനി ക്യാമ്പ്

**കല്പറ്റ:** വയനാട് സെന്ററിന്റെ ഒരു മിനിക്യാമ്പ് 12 വർഷങ്ങൾക്കു ശേഷം വയനാട്ടിലുള്ള കുട്ടികൾക്ക് മാത്രമായി 2014 ഏപ്രിൽ മാസം 10-ാം തീയതി മുതൽ 12-ാം തീയതി വരെ പുത്തൻകുന്ന് സഭയിൽ നടത്തുവാൻ കർത്താവിൽ ആശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു. ക്യാമ്പ് തീം: എല്ലായ്പ്പോഴും ദൈവഭക്തിയോടിരിക്കുക എന്നതാണ്. 12-ാം തീയതി മാതാപിതാക്കൾക്കായി പ്രത്യേക മീറ്റിംഗും ക്രമീകരിച്ചിട്ടുണ്ട്. പ്രധാന ലീഡേഴ്സായി റെജി കെ. തോമസ് നെല്യാടിയും ധർമ്മരാജ് മാവേലിക്കരയുമാണ്. ഈ പ്രവർത്തനം വിജയകരമായി തീരുവാൻ നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും ആവശ്യമാണ്.

റെജി കെ.ബി. (വയനാട് എസ്.ബി.എസ്. സെക്രട്ടറി) 09605743185, ഗോഡ്സൺ വാലയിൽ (ക്യാമ്പ് കൺവീനർ)

പത്തനംതിട്ട ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് സിൽവർ ജൂബിലിയുടെ നിറവിൽ...
പഴയ തലമുറ ദൈവിക വിശ്വസ്തതയുടെ 25 വർഷങ്ങൾ നന്ദിയോടെ അയവിറക്കുമ്പോൾ ഇതു ഞങ്ങൾക്കുള്ള ദൈവത്തിന്റെ ദാനം എന്ന് വേർപാടിലെ പുത്തൻ തലമുറ...
മലയാളി വിശ്വാസ സമൂഹത്തിന് അഭിമാനിക്കുവാൻ വക നൽകുന്ന ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നാൾ വഴികളിലൂടെ....

തയ്യാറാക്കിയത്:
ഒ.റ്റി. ചെറിയാൻ (അഡ്മിനിസ്ട്രേറ്റർ)
ഡോ. കെ.സി. ജോൺസൺ (അക്കാഡമിക് ഡീൻ)




# വളർച്ചയുടെ 25-ാം പടവിൽ...

**ദൈ**വത്തിന്റെ അപാരമായ കൃപയും, മാറ്റമില്ലാത്ത വിശ്വസ്തതയുമാണ് ബി.ബി.ഐ.- യുടെ കഴിഞ്ഞ 25 വർഷങ്ങളിലെ നിലനിൽപ്പും പുരോഗതിയും കാണിക്കുന്നത്. ഒരു ചെറിയ മുറിയിൽ ആരംഭിച്ച ബാച്ചിലർ ഓഫ് തിയോളജി പ്രോഗ്രാം ഇന്ന് വേദപഠനത്തിൽ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ നടത്തുന്ന ഒരു ഫസ്റ്റ് ഗ്രേഡ് തിയോളജിക്കൽ കോളജ് ആയിത്തീർന്നിരിക്കുന്നത് ദൈവകൃപ ഒന്നുകൊണ്ടു മാത്രമാണ്. വിശ്വാസികളുടെ പ്രാർത്ഥനയും കൂട്ടായ്മയും ഇതിന്റെ പിൻപിലുണ്ട്.

ഒരു ചെറിയ ആരംഭത്തിന്റെ വികസിത രൂപമാണ് ബ്രദ്റൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്. ഒരു ധ്യാനയോഗത്തിൽ ആരംഭിച്ച് ഒരു സുവിശേഷ പ്രചാരക സംഘമായി വളർന്ന് ഒരു വേദവിദ്യാപീഠമായി രൂപംകൊണ്ട ഒരു പ്രസ്ഥാനം. ആരംഭം ഒരു പ്രാർത്ഥനാഗ്രൂപ്പായിട്ടായിരുന്നു. ആയിരത്തി തൊള്ളായിരത്തി നാല്പതുകളിൽ അതിനു മുൻകൈ എടുത്തത് പരേതനായ കെ.


ആദ്യ ബാച്ച്, 1989

കെ. വറുഗീസ് കരിങ്കുറ്റിക്കൽ. ധ്യാനയോഗം എന്ന് അവർ അതിന് പേരിട്ടു. അവർ എന്നുവച്ചാൽ അക്കരെക്കുന്നത്ത് അവറാച്ചൻ, മാവേലിക്കര യോഹന്നാച്ചൻ, പത്തിയിൽ തോമാച്ചൻ മുതലായവർ. താമസിയാതെ പത്തനംതിട്ട ടൗണിൽ ഒരു റൂം വാടകയ്ക്ക് എടുത്ത് സുവിശേഷാലയം എന്ന് അതിനു പേരിട്ടു. പ്രധാനമായി പ്രാർത്ഥനയ്ക്കായിട്ടാണ് അത് ഉപയോഗിച്ചത്. എന്നാൽ കുറെ നാളുകൾക്കുശേഷം ആ പ്രവർത്തനം മുടങ്ങി. അതിനുശേഷം 1950-കളിൽ ധ്യാനയോഗം വീണ്ടും ആരംഭിച്ചു. തുടക്കം തെക്കേപ്പുറമ്പിൽ റ്റി.എം. ജോർജ്ജ് സാറിന്റെ ഭവനത്തിലായിരുന്നു. 1958-ൽ പ്ലാവുനിൽക്കുന്നതിൽ പി.റ്റി. ഏബ്രഹാം സാർ ഈ ധ്യാനയോഗത്തിൽ ചേരുകയും, പ്രവർത്തനങ്ങൾ കുറെക്കൂടി സംഘടിതമാകുകയും ചെയ്തു. പരസ്യവേല, സംയുക്തസഭായോഗം (1960), ബാലസംഘം, സോദരീ ക്യാമ്പ് മുതലായ ആത്മീയ ശുശ്രൂഷകൾ ആരംഭിച്ചു. റ്റി.എം. ജോർജ്ജ് സാർ, റ്റി.കെ. ജോർജ്ജ് കരിങ്കുറ്റിക്കൽ മുതലായ പല യുവാക്കന്മാർ ശുശ്രൂഷയിൽ മുന്നിട്ടുനിന്നു പ്രവർത്തിച്ചു. 1960-ൽ പത്തനംതിട്ട കൺവൻഷൻ ആരംഭിക്കുകയുണ്ടായി.

1966 ഓഗസ്റ്റ് 26-ാം തീയതി കൺവൻഷൻ ഗ്രൗണ്ടായി അല്പം സ്ഥലം പത്തനംതിട്ടയിൽ സ്റ്റീവാഡ്സ് അസ്സോസിയേഷന്റെ പേരിൽ വാങ്ങിച്ചു. റ്റി.കെ. സാമുവേൽ ഇലന്തൂർ, മാമ്മൻ കുര്യൻ പാറയിൽ, അരീപ്പറമ്പ് കുര്യാച്ചൻ, എസ്.എസ്. ഡേവിഡ് പുനലൂർ എന്നീ ദൈവദാസന്മാരുടെ ആത്മീയ നേതൃത്വം സുവിശേഷാലയ പ്രവർത്തനങ്ങൾക്ക് ഒരു വലിയ മുതൽക്കൂട്ടായിരുന്നു. കൂടാതെ, നെടുമ്പ്രേരിൽ സാറാമ്മ, മേക്കൊഴൂർ ചാക്കോച്ചനും കുടുംബവും, വടശ്ശേരിക്കര റാഹേലമ്മ മുതലായവരും ഈ പ്രവർത്തനത്തിന് സഹായികളായിരുന്നു. ഒരു 19 വർഷക്കാലംകൊണ്ട് പി.റ്റി. എബ്രഹാം സാറിന്റെ നേതൃത്വത്തിൽ സുവിശേഷാലയത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ഈ വേലകൾക്കെല്ലാം ബ്രദർ എ.ഒ. തോമസ് കൊട്ടാരക്കര നൽകിയ സഹായം വളരെ വലുതായിരുന്നു. 1977-ൽ പി.റ്റി.എബ്രഹാം സുവിശേഷാലയ പ്രവർത്തനങ്ങളിൽനിന്നും വിട്ടുനിൽക്കുകയും ഏകദേശം ഒരു വർഷത്തോളം കാര്യമായ ശുശ്രൂഷകൾ നടക്കാതെ ഇരിക്കുകയും ചെയ്തു. അതിനുശേഷം കെ.കെ. വറുഗീസ്, മേക്കൊഴൂർ ചാക്കോച്ചൻ, റ്റി.കെ. സാമുവേൽ, റ്റി.എം. ജോർജ്ജ് മുതലായവരുടെ ഉത്സാഹത്താൽ ഒരു ആലോചനായോഗം കൂടുകയും സുവിശേഷാലയ പ്രവർത്തനങ്ങൾ നിർവിഘ്നം തുടരാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത മീറ്റിംഗിൽ റ്റി.എം. ജോർജ്ജ് സാറിനെ സെക്രട്ടറിയായി നിയമിച്ചു.


പ്രായോഗിക പരിശീലനം ബീഹാറിൽ - ഒരു ദൃശ്യം

അദ്ദേഹത്തിന്റെ ഉത്സാഹത്തിലാണ് പത്തനംതിട്ട കൺവൻഷൻ ഗ്രൗണ്ടിൽ ഇന്നു കാണുന്ന മെയിൻ ബിൽഡിംഗ് പണി 1980-ൽ ആരംഭിച്ചത്. 1983-ൽ പണിപൂർത്തീകരിച്ചു. അവിടെയാണ് ബി.ബി.ഐ.-യുടെ ആദ്യ ബാച്ച് 1989-ൽ ആരംഭിച്ചത്. ഇങ്ങനെയൊരു കോളജ് തുടങ്ങാൻ ഒരു ട്രസ്റ്റ് രൂപീകരിക്കേണ്ടിയിരുന്നു. അതിന് നമ്മെ സഹായിച്ചത് മി. ജർമൻ അവർകളാണ്. ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിനോടൊപ്പം സുവിശേഷാലയ പ്രവർത്തനങ്ങളും തുടരേണ്ടിയിരുന്നതുകൊണ്ട് അതിന്റെ മേൽനോട്ടത്തിനുവേണ്ടി ഒരു ട്രസ്റ്റ് രൂപീകരിക്കുകയുണ്ടായി. രണ്ട് ട്രസ്റ്റിലെയും അംഗങ്ങളും ഓഫീസ് ബെയറേഴ്സും ഒന്നുതന്നെ.

1989 മുതൽ 2009 വരെയുള്ള 20 വർഷങ്ങളിൽ ബി.ബി.ഐ. പത്തനംതിട്ട ഗോസ്പൽ ഹാളിൽ പ്രവർത്തിച്ചുവന്നു. 2009 മെയ് 11-ാം തിയതി മുതൽ ബി.ബി.ഐ.-യുടെ പ്രവർത്തനം പരിയാരത്തുള്ള പുതിയ കെട്ടിടത്തിലേക്കു മാറ്റുന്നതിന് ദൈവം സഹായിച്ചു. പത്തനംതിട്ടയിൽ നിന്ന് 7 കിലോമീറ്റർ ദൂരെ ഇലന്തൂരിനു സമീപമുള്ള പരിയാരം എന്ന സ്ഥലത്ത് 1 ഏക്കർ 30 സെന്റു സ്ഥലം ബി.ബി.ഐ-ക്കായി ദൈവം ഒരുക്കി. ലോകമെമ്പാടുമായി ചിതറിക്കിടക്കുന്ന വേർപെട്ട വിശ്വാസികളുടെ ത്യാഗോജ്ജ്വലമായ ധനസഹായം - ചെറുതും വലുതുമായി യഥാസമയം ബി.ബി.ഐ-യുടെ ശുശ്രൂഷയ്ക്ക് പ്രത്യേകിച്ച് പരിയാരത്തുള്ള പുതിയ കെട്ടിടം പണിക്ക് ലഭിക്കയുണ്ടായി.

സുവിശേഷാലയത്തിന്റെ പ്രാരംഭപ്രവർത്തകരെല്ലാം കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. എന്നാൽ പ്രവർത്തനങ്ങൾ കർത്താവ് തുടരുന്നു. ബി.ബി.ഐ. ട്രസ്റ്റും പ്രിൻസിപ്പൽ, രജിസ്ട്രാർ, അക്കാഡമിക് ഡീൻ, മറ്റ് അദ്ധ്യാപകർ, സ്റ്റാഫ് എന്നിവർ ഒത്തുചേർന്ന് കർത്താവിന്റെ സഹായത്താൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് മുമ്പോട്ടു കൊണ്ടുപോകുന്നു. ഇപ്പോൾ 39 സഹോദരന്മാർ ബി.ബി.ഐ.-ൽ വചനം പഠിക്കുന്നുണ്ട്. അവരിൽ 10 പേർ 2014 മാർച്ച് ഒന്നിന് പഠനം പൂർത്തീകരിക്കുന്നതിനുള്ള ഒരുക്കത്തിലുമാണ്.

സുവിശേഷഘോഷണത്തെ സംബന്ധിച്ചിടത്തോളം ഭാരതം അത്ഭുതപൂർവ്വമായ ഒരു ദുർഘട സമയത്തിലൂടെയാണു കടന്നുപോകുന്നത്. പരസ്യ പ്രവർത്തനങ്ങളുടെ വാതിൽ ഏതാണ്ട് അടഞ്ഞിരിക്കുകയാണ്. അതേസമയം മറ്റു ചില വാതിലുകൾ തുറക്കുന്നുമുണ്ട്. അതിലൊന്നാണ് സാഹിത്യത്തിൽ കൂടിയുള്ള പ്രചാരണം. മറ്റൊന്നാണ് തദ്ദേശവാസികളായ


വിദ്യാർത്ഥികൾ സുവിശേഷ പ്രതികളുമായി തമിഴ്നാട്ടിൽ

യുവാക്കന്മാരെ വചനം പഠിപ്പിച്ച് അതാത് പ്രദേശത്തേക്ക് അയയ്ക്കുക എന്നുള്ളത്. ആ പരിപാടി ഫലകരമായി ചെയ്തുകൊണ്ടിരിക്കുന്ന ഒരു സ്ഥാപനമാണ് പത്തനംതിട്ട ബ്രദ്റൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്. ഇന്ന് ആസാം, മേഘാലയ, രാജസ്ഥാൻ, ബംഗാൾ, ജാർഖണ്ഡ്, ഒറിസ്സ, ബിഹാർ, ഗുജറാത്ത്, ഛത്തീസ്ഗഡ്, മഹാരാഷ്ട്രാ, മദ്ധ്യപ്രദേശ്, തമിഴ്നാട്,

## സഹോദരിമാർക്ക് ഹ്രസ്വകാല വചനപഠനകോഴ്സ്



ബി.ബി.ഐ.-യുടെ ചുമതലയിൽ സഹോദരിമാർക്കായി രണ്ടുമാസം ദൈർഘ്യമുള്ള ഒരു ഹ്രസ്വകാല വചനപഠനകോഴ്സ് 2013 ഏപ്രിൽ, മെയ് എന്നീ മാസങ്ങളിൽ നടത്തുകയുണ്ടായി. അതിൽ 20 സഹോദരിമാർ ക്രമമായി പങ്കെടുത്ത് കോഴ്സ് വിജയകരമായി പൂർത്തിയാക്കുകയുണ്ടയി. വചനപഠനത്തോടൊപ്പം ഗൃഹഭരണം, ആരോഗ്യ പരിപാലനം, ദാമ്പത്യജീവിത ഭദ്രതാപാഠങ്ങൾ, ആദിയായ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഹ്രസ്വകാലകോഴ്സ് നടത്തപ്പെടുന്നത്. പഠന തൽപരരായ സഹോദരിമാർ ഉണ്ടെങ്കിൽ 2014 മെയ് മാസത്തിൽ ഈ ഹ്രസ്വകാലകോഴ്സ് വീണ്ടും നടത്തുന്നതാണ്. താല്പര്യമുള്ളവർ സെക്രട്ടറി, ഗോസ്പൽ ഹാൾ, പി.ഒ. ബോക്സ് 46, പത്തനംതിട്ട പി.ഒ., പിൻ-689 645 എന്ന വിലാസത്തിൽ ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക്: 0468-2224045, 09447265500.

➤➤

# ബൈബിൾ ക്വിസ് -48

## 1 ശമുവേൽ

1. മീഖളിന് ജീവപര്യന്തം കുട്ടി ഉണ്ടായില്ല. എന്തുകൊണ്ട്?
2. ആരുടെ ശവമഞ്ചത്തിന്റെ പിന്നാലെയാണ് ദാവീദ് നടന്നത് ?
3. തൻ കുന്തം മൂന്നൂറു പേരുടെ നേരെ ഓങ്ങി, അവരെ കൊന്നു മൂന്നു വീരന്മാരിൽ കീർത്തിപ്രാപിച്ചവൻ ആര്?
4. ജീവനോടിരുന്ന സമയം തന്റെ പേര് നിലനിർത്തേണ്ടതിനു തനിക്കു മകനില്ലല്ലോ എന്നു പറഞ്ഞവൻ ആര് ?
5. ഉപ്പുതാഴ്‌വരയിൽ പതിനെണ്ണായിരം പേരെ സംഹരിച്ചതാര്?
6. ധാത്രിയുടെ കയ്യിൽ നിന്നു വീണു മുടന്തനായവൻ ആര്?
7. ശൗലിന്റെ തലയിലെ കിരീടവും ഭുജത്തിലെ കടകവും എടുത്തതാര്?
8. നീതികെട്ടവരുടെ മുമ്പിൽ പട്ടുപോകുമ്പോലെ പട്ടുപോയവൻ ആര്?
9. ആര് ആരോട് പറഞ്ഞു? "ഞാൻ ഇനിയും ഇതിലധികം ഹീനനും എന്റെ കാഴ്ചയ്ക്കു എളിയവനും ആയിരിക്കും."
10. ആര് ആരോട് പറഞ്ഞു? "ഇതാകുന്നുവോ നിന്റെ സ്നേഹിതനോടു നിനക്കുള്ള സ്നേഹം."

ബൈബിൾ റഫറൻസ് സഹിതം ഉത്തരങ്ങൾ P.P.George, Post Box No. 91, Angamali 683 572 എന്ന വിലാസത്തിൽ അയയ്ക്കുക.ചോദ്യങ്ങൾ പ്രസിദ്ധീകരിച്ച തീയതികഴിഞ്ഞ് 20 ദിവസത്തിനകം ഉത്തരങ്ങൾ ലഭിച്ചിരിക്കണം. ഉത്തരങ്ങൾ അയയ്ക്കുന്നവർ ക്വിസ് നമ്പരും തങ്ങളുടെ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും കത്തിൽ രേഖപ്പെടുത്തണം.

### ശരിയുത്തരങ്ങൾ - ക്വിസ് 44

1. ഏലി പുരോഹിതൻ (2:29), 2. ശമുവേൽ (10:25), 3. ശൗലിന്റെ (15:28)
4. ഏഫെസ് - ദമ്മീമിൽ (17:1), 5. ഫെലിസ്ത്യ പട്ടാളത്തെ എതിരിട്ടത് (14:1)
6. ഗോല്യാത്തിന്റെ വാൾ (21:8,9), 7. മോവാബ് രാജാവിന്റെ അടുക്കൽ (22:34)
8. എൻ - ദോരിൽ (28:7,8), 9. ആറ് (2:21), 10. ഫെലിസ്ത്യരെ (7:6)

## സുവിശേഷകന്മാർക്ക് റിഫ്രഷർ കോഴ്സ്

പത്തനംതിട്ട ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ കേരളത്തിൽ പ്രവർത്തിക്കുന്ന സുവിശേഷകന്മാർക്കുവേണ്ടി 2014 മാർച്ച് മാസം 3-ാം തീയതി മുതൽ റിഫ്രഷർ കോഴ്സ് നടത്തുന്നു. എല്ലാ മാസവും ആദ്യത്തെ തിങ്കളാഴ്ച പുതിയ ബാച്ചുകൾ ആരംഭിക്കുന്നതായിരിക്കും. പത്തനംതിട്ടയിലുള്ള സുവിശേഷാലയത്തിലാണ് ക്ളാസുകളും താമസവും ക്രമീകരിച്ചിരിക്കുന്നത്. മൂന്ന് ആഴ്ചയാണ് ഒരു ബാച്ചിന്റെ ദൈർഘ്യം. തിങ്കൾ മുതൽ വെള്ളി വരെയാണ് ക്ളാസുകൾ. ക്ളാസിൽ പങ്കെടുക്കുന്നവർക്ക് വെള്ളിയാഴ്ച ശുശ്രൂഷകൾക്കായി അവരവരുടെ സ്ഥലത്തേക്ക് മടങ്ങിപ്പോകുന്നതിന് സാവകാശം ഉണ്ടായിരിക്കും. ഓരോ ബാച്ചിലും മുപ്പതു സുവിശേഷകന്മാർക്ക് പ്രവേശനം.



ബി.ബി.ഐ. ടീം ആന്ധ്രയിൽ...

ആന്ധ്രാപ്രദേശ്, കർണ്ണാടക, കേരളം, മുതലായ സ്റ്റേറ്റുകളിൽ ബി.ബി.ഐ -യുടെ കഴിഞ്ഞ 15 ബാച്ചുകളിൽ പഠിച്ച 166 പൂർവ്വവിദ്യാർത്ഥികൾ കർത്തൃവേലയിൽ ഏർപ്പെട്ടിരിക്കുന്നുണ്ട്. അവരുടെ പ്രവർത്തനഫലമായി 55-ൽ അധികം പുതിയ സഭകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട് എന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്.

ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇതഃപര്യന്തമുള്ള പ്രവർത്തനങ്ങൾ നിർവിഘ്നം നടത്തുന്നതിന് കർത്താവ് സഹായിച്ചു. ഗൾഫ് പ്രദേശത്തുള്ള സഹോദരവർഗ്ഗത്തെ ബി.ബി.ഐ.-യുടെ ഭൗതികാവശ്യനിർവഹണത്തിൽ കർത്താവ് വളരെ ഉപയോഗിച്ചിട്ടുണ്ട്. ഈ ശുശ്രൂഷയെ തുടർന്നും പ്രാർത്ഥനയാലും കൂട്ടായ്മയാലും പിൻതുണയ്ക്കണമെന്ന് കർത്തൃനാമത്തിൽ അഭ്യർത്ഥിക്കുന്നു.

# കമന്റേഷൻ

**സെക്കന്തരബാദ് :** സഹോദരൻ ജോൺസൺ ജോർജ്ജ് സെക്കന്തരബാദിലുള്ള ക്രിസ്ത്യൻ അസംബ്ലിയോടുള്ള ബന്ധത്തിൽ കൂട്ടായ്മയിൽ ആയിരിക്കുകയും, സഭയുടെ വിവിധ ചുമതലകളിൽ ഏർപ്പെട്ടുവരികയും ചെയ്യുന്നു. അനേകവർഷങ്ങൾ ഓപ്പറേഷൻ മൊബലൈസേഷന്റെ സാഹിത്യവിഭാഗമായ ഒ.എം. ബുക്സിന്റെ നാഷണൽ ഡയറക്ടറായി സേവനം അനുഷ്ഠിച്ചു. തന്റെ ജോലി രാജി വെച്ച ശേഷം പൂർണ്ണസമയ സുവിശേഷ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനുള്ള തന്റെ താല്പര്യം സഭയെ അറിയിക്കുകയും സഹോദരന്റെ പ്രവർത്തനം സഭയ്ക്ക് ഒരു മുതൽക്കൂട്ടാകും എന്ന് ബോധ്യപ്പെട്ടതനുസരിച്ച് അദ്ദേഹത്തെ പൂർണ്ണ സമയസുവിശേഷകൻ എന്ന നിലയിൽ സഭ കമന്റ് ചെയ്തു.

സെക്കന്തരബാദ് പട്ടണത്തിലുള്ള ചേരി നിവാസികളുടെയിടയിൽ ഒരു പ്രവർത്തനം നടന്നു വരുന്നു. എല്ലാ ഞായറാഴ്ചയും നൂറിലധികം കുട്ടികൾ സണ്ടേസ്കൂളിനായി കൂടിവരുന്നു. ഇവിടെ ഒരു കൂടിവരവ് ഉണ്ടാകുവാൻ പ്രാർത്ഥിക്കുന്നു. സഹോദരന്റെ തുടർന്നുള്ള പ്രവർത്തനങ്ങളിൽ എല്ലാ പ്രിയപ്പെട്ടവരുടെയും വിലയേറിയ പ്രാർത്ഥനയും സഹകരണങ്ങളും ഞങ്ങൾ സഭയായി അഭ്യർത്ഥിക്കുന്നു. ഭാര്യ: സിസിലി, മക്കൾ: ജൻസൻ, ജസ്റ്റിൻ.

വിലാസം: Br. Johnson George, Sri Sai Enclave, Spring field, Suchitra Jn. P.O., Secunderabad- 500067 Ph. 09849121182, Email- johnsongeorge24@gmail.com

T.V. Paulose, P.M. Jacob. T.K. David

# സ്തോത്രത്തിനും പ്രാർത്ഥനയ്ക്കും

**ദേവികുളം (ഇടുക്കി):** കഴിഞ്ഞ ഡിസംബർ 25-ന് ഒരു ഏകദിന സമ്മേളനം നടത്തുവാൻ കർത്താവ് സഹായിച്ചു. സുവിശേഷകന്മാരായ ജോർജ്ജ് വർഗീസ് (തിരുവനന്തപുരം), പി.എം.രാജു (കോത്തമംഗലം) എന്നിവർ കടന്നു വന്ന് ദൈവവചനം പങ്കുവച്ചു. ഡിസംബർ 30,31-ൽ ദേവികുളം സ്ഥലം സഭയുടെ ചുമതലയിൽ സുവിശേഷകൻ പി.വി. സേവ്യർ ടീമായി കടന്നുവന്ന് ദേവികുളം, മൂന്നാർ, പെരിയകനാൽ എന്നീ പ്രദേശങ്ങളിൽ പരസ്യയോഗം നടത്തി. ഈ പ്രവർത്തനങ്ങളിൽ അയൽ സഭകളിലുള്ള സുവിശേഷകന്മാരും, സഹോദരന്മാരും പങ്കെടുത്തു. തുടർന്നും ദേവികുളം സഭയെയും, പ്രവർത്തനങ്ങളെയും ഓർത്ത് പ്രാർത്ഥിക്കുക.

സി.വി. വിനോയ്, സുരേഷ് എസ്. പീറ്റർ, ജേസുദാസ്

**കരിമണ്ണൂർ (ഇടുക്കി):** സഭയായി ചില പ്രവർത്തനങ്ങൾ തുടങ്ങുവാൻ ഇടയായി. ജനുവരി 11-ാം തീയതി ചില പ്രിയപ്പെട്ടവരുടെ സ്നാനം നടത്തുവാൻ കർത്താവ് സഹായിച്ചു. മോൻസൺ ഐസക്ക് താളിക്കോട് ക്ലാസ് എടുക്കുകയും കെ.എം. വർഗീസ് സ്നാനക്കടവിൽ ശുശ്രൂഷിക്കുകയും ചെയ്തു. സഹോദരന്മാർ ഒന്നിച്ച് തോട്ടുപുഴ താലൂക്കിന്റെ വിവിധ പ്രദേശങ്ങളിൽ പരസ്യയോഗങ്ങൾ ജനുവരി 2-ാം തീയതി ആരംഭിക്കുവാൻ ഇടയായി. ഈ പ്രവർത്തനത്തെ ഓർത്ത് പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യേണമേ.


പി.വി. സേവ്യർ

**അഗളി- അട്ടപ്പാടി:** 2001 മുതൽ അഗളിയിൽ സുവിശേഷവേലയിലായിരിക്കുന്ന സുവി. ജോഷി തോമസ് ഉദരസംബന്ധമായ പ്രയാസത്താൽ ഭാരപ്പെട്ടുകൊണ്ടിരുന്നു. തന്റെ കുടൽ പിരിയുകയും മുമ്പ് ഓപ്പറേഷൻ ചെയ്ത സ്ഥലത്ത് ബ്ലോക്ക് ഉണ്ടാവുകയും ചെയ്തു. തുടർന്ന് സി.എം.സി. വെല്ലൂരിൽ വച്ച് അടിയന്തിരമായി മൂന്നാമത്തെ മേജർ ഓപ്പറേഷന് വിധേയനായി. ദൈവജനത്തിന്റെ വിലയേറിയ പ്രാർത്ഥനയുടെ ഫലമായി ഓപ്പറേഷൻ വിജയകരമായി തീർന്നു. വളരെ വേഗം സഹോദരൻ സുഖം പ്രാപിച്ചു വരുന്നു. സഹോദരനെ പ്രാർത്ഥനയിൽ ഓർക്കുകയും സാമ്പത്തികമായി സഹായിക്കുകയും ചെയ്ത എല്ലാ ദൈവമക്കളോടും കർത്തൃനാമത്തിൽ ഞങ്ങളുടെ സ്നേഹവും നന്ദിയും അറിയിക്കുന്നു.

സഹോദരന്റെ വിലാസം:
Joshy Thomas, Chemmarappalliyil House, Nellippathy, Agali P.O., Palakkad- 678 581 Mob: 9961446606

എ. ഏബ്രഹാം 09047117272, ആൻഡ്രൂസ് കെ. ജോസഫ് 9446028353

# മഹത്വത്തിൽ



**കൊട്ടാരക്കര:** തൃക്കണ്ണമംഗൽ പാലൂർ തെക്കേതിൽ **ബ്രദർ പി.ഡി. കുഞ്ഞു തോമസ്(പൊടിമോൻ- 67)** ഫെബ്രു. 9-ന് താൻ പ്രിയം വച്ചിരുന്ന കർത്തൃസവിധത്തിലേക്ക് മാറ്റപ്പെട്ടു. ഭൗതികശരീരം ഫെബ്രു. 13-ന് തൃക്കണ്ണമംഗൽ നോർത്ത് ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും പ്രാർത്ഥനയിൽ ഓർക്കുക.



**പോണ്ടിച്ചേരി:** പരേതനായ പി.ഐ. ജേക്കബിന്റെ സഹധർമ്മിണി **വിന്നിജേക്കബ് (91)** ഫെബ്രു. 7-ന് താൻ പ്രിയം വച്ചിരുന്ന കർത്തൃസന്നിധിയിലേക്ക് മാറ്റപ്പെട്ടു. ഭൗതികശരീരം ഫെബ്രു. 8-ന് പോണ്ടിച്ചേരിയിൽ സംസ്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**റാന്നി:** മണ്ണാറത്തറ കാരയ്ക്കാംപൊയ്കയിൽ പരേതനായ കെ.എം. ചാക്കോയുടെ ഭാര്യ **ഏലിയാമ്മ ചാക്കോ (ഏലിക്കുട്ടി 91)** കർത്തൃസന്നിധിയിലേക്ക് പ്രവേശിച്ചു. ഭൗതിക ശരീരം ഫെബ്രുവരി 22 ന് മണ്ണാറത്തറ ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിൽ ഇരിക്കുന്ന കുടുംബാംഗങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക.

അനുസ്മരണം

# എസ്ഥേറമ്മച്ചിയെ ഓർക്കുമ്പോൾ...



ജോർജ്ജ് വി. മാത്യു, കോട്ടയം

**കു**മ്പനാട് മേലത്തേത്തിൽ എം.സി. ജോണിന്റെയും റാഹേലമ്മയുടെയും മകളായി 1927 ഫെബ്രുവരി 27-ാം തീയതി എസ്ഥേർ ജനിച്ചു. വിദ്യാഭ്യാസാനന്തരം മാതൃകാദ്ധ്യാപികയായി സേവനമനുഷ്ഠിച്ചു. 1952-ൽ തിരുവനന്തപുരം കോട്ടൻഹിൽ ഗേൾസ് ഹൈസ്കൂളിൽ തുടങ്ങി 31-03-1982-ൽ മെഡിക്കൽ കോളേജ് ഗവൺമെന്റ് ഹൈസ്കൂളിൽ അവസാനിച്ച അധ്യാപനയാത്രയിൽ Born-teacher എന്ന പേര് സ്വായത്തമാക്കുവാനും അനേകം ശിഷ്യഗണങ്ങളെ സമ്പാദിക്കുവാനും ഇടയായിട്ടുണ്ട്. തന്റെ ശിഷ്യഗണങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ആ അധ്യാപനത്തിന്റെ മാധുര്യമറിഞ്ഞ് ജീവിക്കുന്നു. 1950 ഡിസംബർ 28-ാം തീയതി കങ്ങഴ കല്ലറയ്ക്കൽ സുവിശേഷകൻ കെ.ജി. തോമസിന്റെ അനുജൻ കെ.ജി കുര്യനുമായുള്ള വിവാഹത്തോടെ ഒരു ഉത്തമ കുടുംബിനിയുടെ ഉത്തരവാദിത്തം ഏറ്റെടുക്കുവാനും ദൈവകൃപ ചെയ്തു. ദാമ്പത്യജീവിതത്തിൽ നാലുമക്കളെ ദൈവം ദാനം ചെയ്തു. ഏകമകൻ ജയിംസ് (1975) കർത്തൃസന്നിധിയിൽ വിശ്രമിക്കുന്നു. ഡൽഹിയിൽ സുവിശേഷവേല ചെയ്യുന്ന തടിയൂർ മുരുപ്പേൽ പി.എ. ശാമുവാണ് മൂത്തമകൾ ഗ്രേസിനെ വിവാഹം ചെയ്തിരിക്കുന്നത്. മൂന്നാമത്തെ മകൾ ബിൻസ് അമ്മച്ചിയോടൊപ്പം താമസിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തു പോന്നു. ഇളയമകൾ ഷീബയെ കുമ്പനാട് സുവിശേഷകനായിരുന്ന പാപ്പച്ചൻ ഉപദേശിയുടെ മകൻ ജോർജ്ജ് വി. മാത്യു (അച്ചൻകുഞ്ഞ്) വിവാഹം കഴിച്ച് കുടുംബസമേതം കോട്ടയത്ത് എസ്ഥേർ അമ്മച്ചിയുടെ വീടിനടുത്ത് താമസിച്ചു വരുന്നു. എസ്ഥേറമ്മച്ചിയുടെ ഡയറിക്കുറുപ്പിന്റെ മുഖപേജു തന്നെ തന്റെ ജീവിതം വെളിപ്പെടുത്തുന്നു.

Memory is a treasure, No one can steal, Sepreration is a wound, No one can heal

'എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും.' അതേ, അവസാന നാളു വരെയും താൻ പഠിക്കുകയും ആ അറിവ് മറ്റുള്ളവരിലേക്ക് പകർന്നു കൊടുക്കുകയും ചെയ്യുമായിരുന്നു. ഏകമകൻ ജയിംസിന്റെ വേർപാട് തന്നിൽ ആഴത്തിലുള്ള മുറിവേല്പിച്ചിരുന്നെങ്കിലും ആ മകന്റെ അവസാനനാളിലെ വാക്ക് തന്റെ മനസ്സിനെ ധൈര്യപ്പെടുത്തി. 'അമ്മച്ചീ, കുപ്പിയിലെ മരുന്ന് തീർന്നു പോകും എന്നാൽ ദൈവത്തിന്റെ സ്നേഹം ഒരു നാളും തീർന്നുപോകില്ല.' അങ്ങനെ 'തീരാത്ത സ്നേഹം' എന്ന ലഘുഗ്രന്ഥം അനേകം പ്രിയപ്പെട്ടവർക്ക് ആശ്വാസത്തിന് കാരണമായി ഭവിച്ചു കൊണ്ടിരിക്കുന്നു. മാത്രമല്ല, വിശ്വാസത്തിന്റെ നായകനായ യേശുക്രിസ്തുവിൽ പ്രത്യാശ നിറച്ചൊരു ജീവിതമായിരുന്നു അമ്മച്ചിയുടേത്.

2013 ഡിസംബർ 24-ാം തീയതി താൻ പ്രിയം വച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. 28-ാം തീയതി അയ്മനം ബ്രദറൺ സഭയുടെ ചുമതലയിൽ സഭാഹാളിൽ നടന്ന ശുശ്രൂഷയ്ക്കു ശേഷം സഭാസെമിത്തേരിയിൽ ഭൗമശരീരം സംസ്കരിച്ചു. എസ്ഥേർ അമ്മച്ചിയെ വീണ്ടും കാണാമെന്ന പ്രത്യാശയിൽ അല്പകാലത്തേക്ക് വിടചൊല്ലുന്നു.

കുടുംബാംഗങ്ങൾ

# എം.എം. സഖറിയയോടൊപ്പം ഒരു പകൽ

**കല്ലിശ്ശേരി:** സത്യസുവിശേഷത്തിനും ബ്രദറൺ സമൂഹത്തിനും വേണ്ടി ഒരായുസ്സ് അർപ്പിച്ച ആദരണീയനായ കർത്യദാസൻ എം.എം. സഖറിയായെ ദൈവകരങ്ങളിൽ സമർപ്പിച്ച് സ്തോത്രം ചെയ്യുന്നതിനും അദ്ദേഹത്തോടൊപ്പം ഒരു പകൽ ചെലവഴിക്കുന്നതിനുമുള്ള അവസരം ബൈബിൾ സാഹിത്യപ്രവർത്തക സമിതി വിവിധ പരിപാടികളോടെ ഒരുക്കുന്നു. 2014 മാർച്ച് 14 വെള്ളി രാവിലെ 9.30 മുതൽ 1 വരെ പുതുപ്പുള്ളി ക്രിസ്ത്യൻ ബ്രദറൺ ചർച്ചിൽ നടക്കുന്ന ഈ സമ്മേളനത്തിൽ ബി. എസ്. പി. എസ്. പ്രസിഡന്റ് ജോസഫ് മാത്യു അദ്ധ്യക്ഷനായിരിക്കും. ബ്രദർ ചാണ്ടപ്പിള്ള ഫിലിപ്പ് ഉദ്ഘാടനം ചെയ്യും. ആറന്മുള ബേബി, ഷാജൻ പുതുപ്പള്ളി, ക്ലീറ്റസ് ചാണ്ടപ്പിള്ള, ബ്രൗൺ എന്നിവർ ഗാനവിരുന്ന് ഒരുക്കും. 'വൈ. എസക്കിയേൽ: ഒരു പ്രവാചകശബ്ദം' എന്ന സ്മരണിക സമ്മേളനത്തിൽ പ്രകാശനം ചെയ്യും.

എം. വി. ബാബു

## അവധിക്കാല ബൈബിൾ സ്കൂൾ

**ചെങ്ങന്നൂർ:** തിരുവല്ല ഗോസ്പൽ മ്യൂസിക് ഫെസ്റ്റിന്റെ ആഭിമുഖ്യത്തിൽ മെയ് 1 മുതൽ 10 വരെ യുവാക്കളെ അടിസ്ഥാന വേദോപദേശങ്ങളിൽ ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടു കൂടി രണ്ടാമത് സമ്മർ ബൈബിൾ ക്ലാസ്സ് പുത്തൻകാവ് എസ്.ബി.എസ്. ക്യാമ്പ് സെന്ററിൽ വച്ച് നടത്തുവനാഗ്രഹിക്കുന്നു. 15 വയസ്സ് കഴിഞ്ഞ 30 യുവാക്കന്മാർക്ക് പ്രവേശനം ഉണ്ടായിരിക്കും. കടന്നു വരുവാൻ ആഗ്രഹിക്കുന്നവർ ഏപ്രിൽ 15-നു മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കടന്നു വരുന്നവർ മുഴുവൻ സമയം ക്യാമ്പിൽ താമസിക്കേണ്ടതാണ്. വേദപുസ്തകം വിശ്വസനീയമോ, രക്ഷ, സ്നാനം, കർത്തൃമേശ, ആരാധന, ത്രിത്വം, സഭ, വേർപാട്, പരിശുദ്ധാത്മാവ്, വിശുദ്ധ ജീവിതം, കർത്താവിന്റെ രണ്ടാം വരവ്, പ്രായോഗിക ക്രീസ്തീയ ജീവിതം, സുവിശേഷവൽക്കരണം, വ്യക്തിത്വ വികസനം, സഭയിൽ യുവാക്കന്മാരുടെ പങ്ക് എന്നീ വിഷയങ്ങളിലുള്ള ക്ലാസ്സുകൾ കൂടാതെ വൈകിട്ട് പ്രത്യേകം തയ്യാറാക്കിയ പൊതുപരിപാടികളും ഉണ്ടാകും. മെയ് 1-ാം തീയതി രാവിലെ 11 മണിക്ക് ആരംഭിക്കുകയും 10-ാം തീയതി ഉച്ചയോടുകൂടെ സമാപിക്കുകയും ചെയ്യും. നിശ്ചിത ഫീസ് ഉണ്ടായിരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക്: 9447440321, 9847914043

എം.കെ. കുഞ്ഞുമോൻ ഓതറ
(സെക്രട്ടറി) 9656878201




# ദാവീദ്

**ദൈവത്തിന്റെ ഹൃദയ പ്രകാരമുള്ളവൻ**


(പരിഷ്കരിച്ച മൂന്നാം പതിപ്പ്)

എം.വി. തോമസ്

**പേജ്: 192, വില: 180/-**

ആവശ്യപ്പെടേണ്ട വിലാസം:
Freedom, Charithra Nagar,
Thuravoor P.O.,
Angamaly- 683 572, Kerala.
Mob: 09447558128

## പ്രത്യാശയിൻ കിരണങ്ങൾ




പ്രെയ്സ് പബ്ലിക്കേഷൻസിന്റെ ചുമതലയിൽ സുവിശേഷകൻ സാം സഖറിയ രചിച്ച പത്ത് പുതിയ ഗാനങ്ങളും സന്ദേശവുമടങ്ങിയ ഓഡിയോ സി.ഡി. കൊട്ടാരക്കര കൺവൻഷനിൽ ബ്രദർ വർഗീസ് കുര്യൻ പ്രകാശനം ചെയ്തു. കോപ്പികൾക്ക് 100/- എം. ഒ. സഹിതം താഴെ കാണുന്ന വിലാസത്തിൽ ആവശ്യപ്പെടുക.
Sam Zechariah, Praise Dale, Nellikkunnu P.O., Kottarakkara 691 520 Mob: 9447402139

## സോദരീസമാജം

**അടൂർ:** ദൈവഹിതമായാൽ അടൂർ മേഖലയിലെ സോദരീ സമാജത്തിന്റെ അടുത്ത സമ്മേളനം 2014 മാർച്ച് 8-ാം തീയതി ശനിയാഴ്ച അടൂർ പരുത്തിപ്പാറ ബ്രദറൺ സഭാഹാളിൽവച്ച് രാവിലെ 10 മണിമുതൽ നടത്തുവാൻ ആഗ്രഹിക്കുന്നു. പ്രസ്തുത യോഗത്തിൽ വിവിധ ആത്മീയ ശുശ്രൂഷകളോടൊപ്പം ഫിലേമോൻ, എബ്രായർ 1 മുതൽ 3 വരെയുള്ള അധ്യായങ്ങളിൽ നിന്നും ചോദ്യോത്തര പംക്തിയും ഉണ്ടായിരിക്കുന്നതാണ്. ഈ യോഗത്തിന്റെ അനുഗ്രഹത്തിനായി എല്ലാ പ്രിയപ്പെട്ടവരും പ്രാർത്ഥിക്കുകയും തക്ക സമയത്തു തന്നെ സഹോദരിമാർ വന്നു ചേരുകയും ചെയ്യേണമെ.

മിനി ജോൺസൺ (സെക്രട്ടറി)
9446994411

**കൊട്ടാരക്കര:** കൊട്ടാരക്കര സെന്റർ സോദരീസമാജത്തിന്റെ അടുത്ത സമ്മേളനം മാർച്ച് 8 ശനിയാഴ്ച തുറവൂർ ബ്രദറൺ സഭാഹാളിൽ. സഹോദരിമാർ പ്രാർത്ഥനയോടെ പങ്കെടുക്കുക. ആവർത്തനം 31-34 അധ്യായങ്ങളിൽ നിന്നുള്ള ബൈബിൾ ക്വിസ് ഉണ്ടായിരിക്കും.

സെക്രട്ടറി

## സുവിശേഷകന്മാരുടെ പ്രാർത്ഥനായോഗം

**കൊട്ടാരക്കര:** മാർച്ച് മാസത്തെ സുവിശേഷകന്മാരുടെ പ്രാർത്ഥനായോഗം 4- ചൊവ്വാഴ്ച രാവിലെ 10-ന് കലഞ്ഞൂർ ബ്രദറൺ സഭാഹോളിൽ ക്രമീകരിച്ചിരിക്കുന്നു. സുവിശേഷകന്മാർ പ്രാർത്ഥനാപൂർവ്വം പങ്കെടുക്കുക.

സാം സഖറിയ

## വൈ. എം. ഇ. എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റ് പ്രാർത്ഥനാസമ്മേളനം

ദൈവമനുവദിച്ചാൽ അടുത്ത പ്രാർത്ഥനാസമ്മേളനം 2014 മാർച്ച് 30 ഞായർ ഉച്ചയ്ക്ക് 3.30 മുതൽ 5.30 വരെ ഇടശ്ശേരിമല ബ്രദറൺ സഭാഹാളിൽ നടത്തുവാൻ കർത്താവിലാശ്രയിച്ചു തീരുമാനിച്ചിരിക്കുന്നു. സഹോദരന്മാർ കടന്നുവന്നുസംബന്ധിക്കുക.

പ്രൊഫ. എം.ജെ. കുര്യൻ,
പ്രയർ കോ-ഓർഡിനേറ്റർ,
മൊബൈൽ 9495605722

## എസ്.ബി.എസ്. ജനറൽ പ്രയർ

**വെണ്ണിക്കുളം:** സുവിശേഷകൻ ബാലസംഘം ജനറലിന്റെ ചുമതലയിൽ മാസം തോറും നടന്നു വരുന്ന പ്രാർത്ഥനാ കൂടിവരവ് മാർച്ച് 7 വെള്ളി വൈകിട്ട് 4-ന് എസ്.ബി. എസ്. പുത്തൻകാവ് ക്യാമ്പ് സെന്ററിൽ നടക്കുന്നു. പ്രാർത്ഥനയോടെ പങ്കെടുക്കുക.

സി.എം. ചാക്കോ
(പ്രയർ കോ-ഓർഡിനേറ്റർ)

## കുടുംബ ക്യാമ്പ്

**കോയമ്പത്തൂർ:** 2014 മെയ് 21 ബുധൻ വൈകിട്ട് 5 മുതൽ 24 ശനി ഉച്ചയ്ക്ക് 2 വരെ വീരപാണ്ടി സൗത്ത് ഇന്ത്യാ ബാപ്റ്റിസ്റ്റ് കോളേജ് കാമ്പസിൽ വച്ച് ഒരു കുടുംബ ക്യാമ്പ് ക്രമീകരിക്കുന്നു. സഹോദരന്മാരായ ചാണ്ടപ്പിള്ള ഫിലിപ്പ്, ജോസ് മാത്യൂ, ബാബു ജോസഫ് തുടങ്ങിയവർ ക്യാമ്പിന് നേതൃത്വം നൽകും. കുട്ടികൾക്കും യുവാക്കൾക്കും പ്രത്യേക വിഭാഗമായി ക്ലാസ്സുകളുണ്ടായിരിക്കും. ദൈവജനം പ്രാർത്ഥിക്കുക.

വിൻസന്റ് സി. പോൾ (09843023819)


## Statement about ownership and other particulars about suviseshadhwani fortnightly

### Form IV

| | | |
|---|---|---|
| 1. | Place of Publication | : Cheppad |
| 2. | Periodicity | : Fortnightly |
| 3. | Printers Name | : Samuel Thomas |
| | Nationality | : Indian |
| | Address | : Choonattu House, Cheppad P.O., Alappuzha District, Pin. 690 507, Kerala, India |
| 4. | Publishers Name, Nationality & Address | : As above |
| 5. | Editors Name, Nationality & Address | : As above |
| 6. | Name & Address of individuals who own the newspaper and partners of share holders holding more than one percent of total capital | : Young Men's Evangelical Fellowship |

I Samuel Thomas hereby declare that the particulars given above are true to the best of my knowledge and beleief.

Cheppad,
01/03/2014

(sd/-)
**Samuel Thomas**
(Signature of Publisher)


## ഹരിയാന കാമ്പയിൻ - ഭിവാനി ജില്ല

# "മേ ആപ് ലോകോം സെ മിൽക്കെ ധന്യ ഹോഗയാ"

**വർഗീസ് മാത്യൂ, ഉഴവൂർ**

ഹരിയാനയിലെ ഭിവാനി ജില്ലയിലെ പ്രവർത്തനത്തിന് ജനുവരി 28-ന് കേരളത്തിൽ നിന്നും സോളമൻ (കറുകുറ്റി) തങ്കച്ചൻ (കോതമംഗലം) ജോളി (അമ്പൂരി) വർഗീസ് മാത്യു (ഉഴവൂർ) എന്നിവർ യാത്രതിരിച്ച് 31-ാം തീയതി ഭിവാനിയിൽ എത്തിച്ചേർന്നു. അന്നു തന്നെ ഇവിടെയുള്ള വിശ്വാസികളുടെ ചില ഭവനങ്ങൾ സന്ദർശിക്കുകയും മീറ്റിംഗുകൾ നടത്തുകയും ചെയ്തു. തുടർന്ന് ഞായറാഴ്ച ഇവിടെയുള്ള സഭയിൽ കർത്താവിനെ ആരാധിച്ചു. ഏതാണ്ട് നാല്പത്തഞ്ചോളം വിശ്വാസികൾ ഇവിടെയുണ്ട്. സഹോദരൻ കെ.കെ. തങ്കച്ചൻ ഇവിടെ 18 വർഷമായി കർത്താവിന്റെ വേല ചെയ്തു വരുന്നു. സഹോദരൻ വാടകയ്ക്ക് താമസിക്കുന്ന ഭവനത്തിലാണ് ആരാധന നടക്കുന്നത്. സ്ഥല പരിമിതി ധാരാളമായി ഉണ്ടെങ്കിലും സന്തോഷത്തോടെ മീറ്റിംഗുകൾ നടക്കുന്നു.

> **"നിങ്ങളെ കണ്ടതിൽ ഞാൻ വളരെ കൃതാർത്ഥനായി." ആ യുവാവിന്റെ സന്തോഷം ഒന്നു കാണേണ്ടതുതന്നെ ആയിരുന്നു.**

അടുത്ത ദിവസം തിങ്കളാഴ്ച ഞങ്ങൾ പ്രവർത്തനം ആരംഭിച്ചു. വലിയ പ്രശ്നങ്ങളൊന്നും ഉണ്ടാകാതെ അനേക ഗ്രാമങ്ങളിൽ വചനം അറിയിച്ചു. 5-ാം തീയതി ഞങ്ങൾ "സിംഫാനി" എന്ന ഗ്രാമത്തിൽ പ്രസംഗം കഴിഞ്ഞപ്പോൾ ചില പ്രശ്നങ്ങളുണ്ടായി. ലിറ്ററേച്ചറുകൾ വിതരണം ചെയ്യാൻ സമ്മതിച്ചില്ല. ഞങ്ങൾ ഉടനെ തന്നെ പ്രാർത്ഥനയോടുകൂടി അവിടെനിന്നും പോന്നു. ഇവിടുത്തെ ഒരു പ്രത്യേകത ശ്രദ്ധിച്ചത് ഇവിടെ ഒരു ഗ്രാമത്തിലും ക്രിസ്ത്യാനികളെ കാണാൻ കഴിയുന്നില്ല. ജനം വചനം ശ്രദ്ധിക്കുന്നെങ്കിലും പുസ്തകങ്ങൾ വാങ്ങുവാൻ താല്പര്യം കുറവാണ്.

ഇപ്പോൾ ഇവിടെ തണുപ്പ് അധികമാണ്. സാധാരണ ഈ മാസം ഇത്രയും തണുപ്പ് ഉണ്ടാകാറില്ല. കാലാവസ്ഥ പ്രതികൂലമാണെങ്കിലും ടീമംഗങ്ങൾ എല്ലാവരും ക്ഷേമത്തോടെ ഇരിക്കുന്നു. ഈ ദിവസങ്ങളിലെ പ്രവർത്തനങ്ങൾക്ക് തങ്കച്ചൻ സഹോദരനും ഇവിടുത്തെ വിശ്വാസികളും എല്ലാ ദിവസങ്ങളിലും സഹകരിക്കുന്നു. കൂടാതെ റിച്ചാർഡ് ദാനിയേൽ (കൽക്ക), വിനോദ് കുമാർ (പാനിപ്പട്ട്), അൻമോൾ ഭൂഷൻ (യമുനാ നഗർ) എന്നിവർ വിവിധ ദിവസങ്ങളിൽ ടീമിനോട് ചേർന്നു പ്രവർത്തിച്ചു.

ഈ ദിവസങ്ങളിൽ ഞങ്ങൾക്ക് ഏറ്റവും കൂടുതൽ സന്തോഷം നൽകിയ ഒരു വാർത്ത ദൈവജനത്തെ അറിയിക്കട്ടെ. 11-ാം തീയതി ഞങ്ങൾ ഭിവാനിയിൽ നിന്നും 40 കി.മീ. അകലെ "പട്ടോത്തി" എന്ന ഗ്രാമത്തിൽ ചെന്നപ്പോൾ ഒരു ചെറുപ്പക്കാരൻ മീറ്റിംഗ് കഴിഞ്ഞ് പരിചയപ്പെട്ടപ്പോൾ ഞങ്ങളോടു പറഞ്ഞ വാക്കുകളാണ് മുകളിൽ തലക്കെട്ടായി നൽകിയിരിക്കുന്നത്. "നിങ്ങളെ കണ്ടതിൽ ഞാൻ വളരെ കൃതാർത്ഥനായി." ആ യുവാവിന്റെ സന്തോഷം ഒന്നു കാണേണ്ടതുതന്നെയായിരുന്നു. അദ്ദേഹം ഞങ്ങളെ വീട്ടിലേക്ക് ക്ഷണിക്കുകയും ചായസൽക്കാരം നടത്തുകയും ചെയ്തു. ഈ സഹോദരൻ ചില വർഷങ്ങൾക്കു മുമ്പ് റേഡിയോ സന്ദേശം കേട്ട് യേശുക്രിസ്തുവിനെക്കുറിച്ച് മനസ്സിലാക്കുകയും അന്നു മുതൽ കർത്താവിനോടു പ്രാർത്ഥിക്കുകയും ചെയ്തുവരികയും ആണെന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ രക്ഷയുടെ സന്ദേശവും വേർപാടു സത്യങ്ങളും തന്നോടു പറഞ്ഞ് ബോധ്യപ്പെടുത്തി. തുടർന്ന് ഭിവാനിയിൽ നടക്കുന്ന ആരാധനായോഗത്തിലേക്ക് ഞങ്ങൾ ക്ഷണിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 19-ാം തീയതി ആരാധനയ്ക്ക് വരികയും ഞങ്ങൾക്ക് ഒരുമിച്ച് കർത്താവിനെ മഹത്വപ്പെടുത്തുവാൻ ഇടയാകുകയും ചെയ്തു എന്നുള്ളത് വളരെ സന്തോഷകരമായ അനുഭവമായിരുന്നു. ഇനിയുള്ള കാലം കർത്താവിനായി കുടുംബമായി ജീവിക്കും എന്നു സാക്ഷ്യവും പറഞ്ഞിട്ടാണ് മടങ്ങിയത്.

നാം ചെയ്യുന്ന വേലയ്ക്ക് കർത്താവു ഫലങ്ങളെ നൽകുന്നു എന്നുള്ളത് എത്രയോ സന്തോഷകരമായ അനുഭവമാണ്. ഈ വലിയ വേലയെ ഓർത്തു പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യുന്ന ദൈവജനത്തിന് നന്ദി അറിയിക്കുന്നതിനൊടൊപ്പം തുടർന്നും പ്രാർത്ഥനയിൽ വഹിക്കണമേയെന്നും അപേക്ഷിച്ചു കൊള്ളുന്നു. ●


**SUVISESHA DHWANI**
Fortnightly
Vol. 37 Issue 13
Annual Subscription
India Rs. 150
USA/Canada US$ 75
Envelope Postage
Rs. 2000

**Please send news and articles to:**

Chief Editor
**Samuel Thomas**
Choonattu House
Cheppad P.O.,
Alappuzha Dist.,
Kerala - 690 507
Tel. 0479 - 2476677
Mob : 9495162788

Associate Editors:
**V. S. Mathew & Jose Philip**

Send your drafts & money order to :
Managing Editor
**P.S. Ninan**
Thondiyath puthenveedu,
Kallissery P.O.,
Alappuzha - 689 124
Tel. 0479 - 2427371
\Mob. 9446004619

Circulation Manager:
**John Thomas**
Vazhuvelil House
Pandanadu North P.O.,
Kallissery - 689 124
Mob: 9446918942

Please send DD/Cheque drawn in favour of :
Suvisesha Dhwani

E-mail :
suviseshadhwani2011@gmail.com
**01.03.2014**

**REGISTERED**
***Reg. No. RN 29475/78***
**Postal Reg. No. KL / MVK / 188 / 2014-16**

*If not delivered, please return to :*
Managing Editor,
**SUVISESHA DHWANI,**
**Thondiyath puthenveedu, Kallissery P.O.,**
**Alappuzha - 689 124,**
**Kerala, India.**


Printed & Published by Samuel Thomas, Choonattu House, Cheppad P.O., Alappuzha District on behalf of Y.M.E.F. at Puthethu Offset Printers, Kallissery, Design: **D**'Club, Kallissery.